www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ

പുനരൈക്യ ശതാബ്ദി ആഘോഷ ഒരുക്കം 2030



ഉപവി-നീതി വർഷം

2026 സെപ്റ്റംബർ 20 - 2027 സെപ്റ്റംബർ 19

"യേശു പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക"
(വി. ലൂക്കാ 10:37)

പഠനരേഖയും കർമ്മപദ്ധതിയും

(Lineamenta and Instrumentum Laboris)

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ

പുനരൈക്യ ശതാബ്ദി ആഘോഷ ഒരുക്കം 2030

ഉപവി-നീതി വർഷം

2026 സെപ്റ്റംബർ 20 – 2027 സെപ്റ്റംബർ 19

"യേശു പറഞ്ഞു:
നീയും പോയി അതുപോലെ ചെയ്യുക" (വി. ലൂക്കാ 10:37)

പഠനരേഖയും കർമ്മപദ്ധതിയും

(Lineamenta and Instrumentum Laboris)

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം – 695 004, കേരള

www.malankaralibrary.com

Imprimatur:

✠ **Moran Mor Baselios Cardinal Cleemis**
Major Archbishop-Catholicos
of the Syro-Malankara Catholic Church

THE YEAR OF CHARITY & JUSTICE
Guideline and Action Plan
(Lineamenta and Instrumentum Laboris)

Prepared by:
The Commission for the Year of Charity & Justice

Published by:
Major Archiepiscopal Curia
Catholicate Centre
Trivandrum - 695 004, Kerala.

Published on:
19 September 2026

Printed at:
St. Mary's Press, Pattom
Trivandrum. Ph: 0471-2446116

www.malankaralibrary.com

THE SYRO-MALANKARA CATHOLIC
MAJOR ARCHIEPISCOPAL CHURCH

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Tel: +91 471 2541331
Official E-mail: catholicostvm@gmail.com

03-09-2026

സന്ദേശം

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദിയിലേക്കുള്ള (2030) ആത്മീയ ഒരുക്കത്തിലാണ്. 2024 സെപ്റ്റംബർ 20 മുതൽ 2030 സെപ്റ്റംബർ 20 വരെയുള്ള ഈ ആത്മീയ നവീകരണ യാത്രയിൽ ഓരോ വർഷവും സഭാ ജീവിതത്തിന്റെ പ്രത്യേക മേഖലകൾക്ക് പ്രാധാന്യം നൽകുകയാണ്. 2024 സെപ്റ്റംബർ 20 മുതൽ 2025 സെപ്റ്റംബർ 19 വരെ ദൈവവചനത്തിന്റെയും, 2025 സെപ്റ്റംബർ 20 മുതൽ 2026 സെപ്റ്റംബർ 19 വരെ ആരാധന ക്രമത്തിന്റെ വർഷമായും നാം ആചരിച്ചു. ദൈവവചനം ശ്രവിക്കുകയും വിശ്വാസത്തോടെ ദൈവത്തെ ആരാധിക്കുകയും അവിടുത്തെ ഹിതം ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്ന ദൈവജനമാണ് സഭ. ആരാധനയിൽ നാം അനുഭവിക്കുന്ന ദൈവസ്നേഹം സഹോദരങ്ങളോടുള്ള സ്നേഹത്തിലും കരുണയിലും സേവനത്തിലും പ്രകടമാകുമ്പോഴാണ് നമ്മുടെ വിശ്വാസം ജീവിത സാക്ഷ്യമായി മാറുന്നത്. ഈ ആത്മീയ യാത്രയുടെ സ്വാഭാവിക തുടർച്ചയായി 2026 സെപ്റ്റംബർ 20 മുതൽ 2027 സെപ്റ്റംബർ 19 വരെ ഉപവിയുടെയും നീതിയുടെയും വർഷം നാം ആചരിക്കുകയാണ്. "യേശു പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക" (വി. ലൂക്കാ 10:37) എന്നതാണ് ഈ വർഷത്തിന്റെ പ്രമേയം. നല്ല സമരിയാക്കാരന്റെ മാതൃകയിൽ, മുറിവേറ്റവരുടെയും വേദനിക്കുന്നവരുടെയും അവഗണിക്കപ്പെട്ടവരുടെയും അരികിലേക്ക് ഇറങ്ങിച്ചെന്ന് ക്രിസ്തുവിന്റെ കരുണയും സ്നേഹവും ജീവിതത്തിൽ സാക്ഷ്യമാക്കാനുള്ള ക്ഷണമാണിത്. ഉപവി വെറും ദാനധർമ്മമോ അവസരാനുസൃതമായ സഹായമോ മാത്രമല്ല; ദൈവത്തിൽ നിന്ന് നമുക്ക് ലഭിച്ച സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന ജീവിത ശൈലിയാണ്.

www.malankaralibrary.com

സ്നേഹം നമ്മെ നീതിയിലേക്ക് നയിക്കണം. ദരിദ്രരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതോടൊപ്പം അവരുടെ അന്തസ്സും അവകാശങ്ങളും സംരക്ഷിക്കുകയും സമൂഹത്തിലെ ദുർബലർക്കും പിന്നാക്കക്കാർക്കും മാന്യമായ ജീവിതത്തിനുള്ള അവസരങ്ങൾ ഉറപ്പാക്കുകയും വേണം. നീതിയില്ലാത്ത ഉപവി അപൂർണ്ണമാണ്; ഉപവിയില്ലാത്ത നീതിയും അപൂർണ്ണമാണ്. അതിനാൽ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സാമൂഹിക ബന്ധങ്ങളിലും പങ്കുവയ്ക്കലിന്റെയും കരുണയുടെയും നീതിയുടെയും സംസ്കാരം നമുക്ക് കൂടുതലായി വളർത്തിയെടുക്കേണ്ടതുണ്ട്.

നമ്മുടെ സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ (മുപ്പതാമത് സാധാരണ സുന്നഹദോസ്) തീരുമാനപ്രകാരം, ഉപവിയുടെയും നീതിയുടെയും വർഷത്തിന്റെ പഠനരേഖയും കർമ്മപദ്ധതിയും തയ്യാറാക്കി സമർപ്പിക്കുന്നതിനായി അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവ് ചെയർമാനായും, അഭിവന്ദ്യരായ തോമസ് മാർ അന്തോണിയോസ് പിതാവും മാത്യൂസ് മാർ പോളിക്കാർപ്പോസ് പിതാവും വൈസ് ചെയർമാന്മാരായും, അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ് കോർഡിനേറ്ററായും ഉൾപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കമ്മിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പഠനരേഖയും കർമ്മപദ്ധതിയും 2026 സെപ്റ്റംബർ 20 മുതൽ 2027 സെപ്റ്റംബർ 19 വരെയുള്ള ഉപവിയുടെയും നീതിയുടെയും വർഷത്തിൽ ഇടവക, ജില്ല, ഭദ്രാസന തലങ്ങളിൽ പഠനവിധേയമാക്കുകയും ചർച്ച ചെയ്യുകയും പ്രാവർത്തികമാക്കുകയും വേണം. 2026 സെപ്റ്റംബർ 19ന് നടക്കുന്ന ഉപവിയുടെയും നീതിയുടെയും വർഷത്തിന്റെ ഉദ്ഘാടനത്തിനുശേഷം വിവിധ കർമ്മപദ്ധതികൾക്ക് തുടക്കം കുറിക്കും. ഈ പഠനരേഖയുടെയും കർമ്മപദ്ധതിയുടെയും അടിസ്ഥാനത്തിലായിരിക്കും ഉപവി-നീതി വർഷത്തിലെ പരിശീലന ബോധവത്കരണ പരിപാടികൾ ക്രമീകരിക്കുക. ഈ പ്രവർത്തനങ്ങളിലൂടെ ഉപവിയുടെയും നീതിയുടെയും ക്രൈസ്തവ ദർശനത്തെക്കുറിച്ച് ആഴമായ അറിവും അനുഭവവും നമ്മുടെ സഭയിൽ വളർത്തുന്നതിനും, കരുണയും പങ്കുവയ്ക്കലും സാമൂഹിക നീതിയും ജീവിതത്തിന്റെ ഭാഗമാക്കുന്നതിനും സാധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഈ വർഷം നമ്മുടെ ഇടവകകൾ കരുണയുടെ ഇടങ്ങളും നീതിയുടെ സാക്ഷ്യകേന്ദ്രങ്ങളുമായി മാറട്ടെ. വയോജനങ്ങൾ, വിധവകൾ, വിഭാര്യർ, രോഗികൾ,

www.malankaralibrary.com

ഭിന്നശേഷിക്കാർ, ഭവനരഹിതർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, ഏകാന്തത അനുഭവിക്കുന്നവർ തുടങ്ങിയവരുടെ അരികിൽ നമുക്ക് സ്നേഹപൂർവം നിലകൊള്ളാം. ഓരോ കുടുംബവും ഒരു നന്മപ്രവർത്തനം ഏറ്റെടുക്കുകയും ഓരോ ഇടവകയും തങ്ങളുടെ പ്രദേശത്തെ ഒരു സാമൂഹിക ആവശ്യത്തിന് ദീർഘകാല പരിഹാരമാകുന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്യട്ടെ.

ഉപവി നമ്മുടെ സ്നേഹത്തിന്റെ ഭാഷയും, നീതി നമ്മുടെ ജീവിതത്തിന്റെ മാനദണ്ഡവും, സേവനം നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യവുമാകണം. "നീയും പോയി അതുപോലെ ചെയ്യുക" എന്ന കർത്താവിന്റെ ആഹ്വാനം സ്വീകരിച്ച് ക്രിസ്തുവിന്റെ കരുണയും നീതിയും സമൂഹത്തിൽ സജീവമാക്കുന്ന ഒരു സഭയായി നമുക്ക് മുന്നേറാം. നമ്മുടെ പരിശുദ്ധ സുന്നഹദോസ് തീരുമാനിച്ചതനുസരിച്ച്, ഓരോ ഭദ്രാസനത്തിലും ഭവനരഹിതരായ കുടുംബങ്ങളെ സർവെയിലൂടെ കണ്ടെത്തി ആ കുടുംബങ്ങൾക്ക് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വാസയോഗ്യമായ ഭവനം നിർമിക്കുന്നതിനുള്ള കർമപദ്ധതികൾ ഈ ഉപവി-നീതി വർഷത്തിൽ നടപ്പിലാക്കുവാൻ ഹൃദയപൂർവം ഏവരും ശ്രമിക്കണമെന്ന് ഞാൻ പ്രത്യേകം എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു.

ഉപവിയുടെയും നീതിയുടെയും ഈ വർഷത്തിന്റെ ആചരണത്തിലും ഈ ആത്മീയ നവീകരണ ദൗത്യത്തിലും സജീവമായി പങ്കുചേരുവാൻ നമ്മുടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും സമർപ്പിതരെയും എല്ലാ കുടുംബങ്ങളെയും ഞാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

www.malankaralibrary.com

ഉള്ളടക്കം

ആമുഖം 7

അദ്ധ്യായം 1 : നമ്മിലേക്കൊഴുകുന്ന സ്നേഹം 11

അദ്ധ്യായം 2 : സ്നേഹത്തിന്റെ സാക്ഷികൾ 19

അദ്ധ്യായം 3 : സ്നേഹം ജീവിക്കുമ്പോൾ 30

അദ്ധ്യായം 4 : പ്രവർത്തന രേഖ (Instrumentum Laboris) 48

www.malankaralibrary.com

ആമുഖം

ഉപവിയുടെയും നീതിയുടെയും വർഷം

2030-ൽ ആചരിക്കുന്ന പുനരൈക്യ ശതാബ്ദിയിലേക്കുള്ള ആത്മീയവും അജപാലനപരവുമായ ഒരുക്കങ്ങളുടെ ഭാഗമായി മലങ്കര സുറിയാനി കത്തോലിക്കാ സഭ ആരംഭിച്ച നവീകരണ യാത്രയിൽ നാം മറ്റൊരു സുപ്രധാന ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. ക്രൈസ്തവ ജീവിതത്തിന്റെയും സഭയുടെ ദൗത്യത്തിന്റെയും വിവിധ തലങ്ങളെ ആഴത്തിൽ പരിചിന്തനം ചെയ്തുകൊണ്ട് മുന്നേറുന്ന ഈ യാത്രയിൽ, വിശ്വാസം ജീവിതത്തിൽ ദൃശ്യമായ സാക്ഷ്യമായി മാറുക എന്നത് അനിവാര്യമായ ഒരു ദൗത്യമാണ്. ദൈവവചനത്തിൽ ആഴം ഉൾക്കൊള്ളുകയും വിശുദ്ധ ആരാധനയിലൂടെ ക്രിസ്തുവുമായുള്ള ബന്ധം ശക്തിപ്പെടുത്തുകയും ചെയ്ത നാം, ക്രിസ്തുവിന്റെ സ്നേഹവും കരുണയും ജീവിതത്തിലും സമൂഹത്തിലും കൂടുതൽ ശക്തമായി സാക്ഷിക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിലാണ് 2026 സെപ്റ്റംബർ 20 മുതൽ 2027 സെപ്റ്റംബർ 19 വരെ ഉപവിയുടെയും നീതിയുടെയും വർഷമായി ആചരിക്കുന്നത്. ഈ വർഷത്തിന്റെ പ്രമേയമായി സ്വീകരിച്ചിരിക്കുന്ന "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:37) എന്ന കർത്താവിന്റെ വചനം നമ്മുടെ വിശ്വാസത്തെ പ്രവൃത്തിയിലേക്ക് നയിക്കുന്ന ശക്തമായ ആഹ്വാനമാണ്. നല്ല സമരിയാക്കാരന്റെ ജീവിതത്തിൽ നാം കാണുന്നത് സമീപസ്ഥന്റെ വേദനയിൽ അവന്റെ സമഗ്രമായ സുസ്ഥിതിക്കായി സമർപ്പിതമാകുന്ന സാക്ഷ്യമാണ്. മുറിവേറ്റവനെ കാണുകയും അവന്റെ അടുത്തുചെല്ലുകയും മുറിവുകൾ പരിചരിക്കുകയും അവന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്ത സമരിയാക്കാരൻ, ക്രിസ്തീയ സ്നേഹത്തിന്റെ പ്രവർത്തനാത്മകമായ മാതൃകയായി മാറുന്നു.

ക്രൈസ്തവ ഉപവി ദാനധർമ്മത്തിൽ മാത്രം ഒതുങ്ങുന്നില്ല. ദൈവത്തിൽ നിന്നും നാം സ്വീകരിക്കുന്ന സ്നേഹത്തിന്റെ വസ്തുനിഷ്ഠമായ പങ്കുവയ്ക്കലാണത്. ദൈവസ്നേഹം സ്വീകരിച്ച ഹൃദയം മറ്റുള്ളവരുടെ വേദനയോട് താദാത്മ്യപെടുന്നതാണ് ഉപവിയുടെ അടിസ്ഥാനം. അതുകൊണ്ട് ഉപവി ഒരു ഐച്ഛിക സാമൂഹിക പ്രവർത്തനമല്ല; സഭയുടെ

www.malankaralibrary.com

സ്വത്വത്തോടും ദൗത്യത്തോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ക്രൈസ്തവ സാക്ഷ്യമാണ്. ദൈവവചനം പ്രഖ്യാപിക്കുകയും കൂദാശകൾ ആഘോഷിക്കുകയും സ്നേഹ സേവനത്തിലൂടെ വിശ്വാസത്തെ ജീവിതത്തിൽ പ്രകടമാക്കുകയും ചെയ്യുന്നത് സഭയുടെ പരസ്പരം വേർതിരിക്കാനാവാത്ത ദൗത്യങ്ങളാണ്.

ആരാധനയിൽ ആഘോഷിക്കപ്പെടുന്ന വിശ്വാസം ജീവിതത്തിൽ സ്നേഹ സേവനമായി പ്രകടമാകണം. വിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ സ്നേഹം സ്വീകരിക്കുന്ന വിശ്വാസി സമൂഹം, ദരിദ്രരിലും രോഗികളിലും വയോജനങ്ങളിലും വിധവകളിലും ഭിന്നശേഷിക്കാരിലും ഏകാകികളിലും ദുരിതമനുഭവിക്കുന്നവരിലും അതേ ക്രിസ്തുവിന്റെ സാന്നിധ്യം തിരിച്ചറിയുന്ന സമൂഹമായി മാറണം. അങ്ങനെ ഓരോ ഇടവകയും ഒരു ആരാധനാകേന്ദ്രം മാത്രമല്ല, സ്നേഹത്തിന്റെയും കരുണയുടെയും നീതിയുടെയും സജീവകേന്ദ്രമായി വളരണം.

ഉപവി അടിയന്തരമായ ആവശ്യങ്ങളിൽ സഹായം നൽകുന്നതിൽ മാത്രം പരിമിതപ്പെടുന്നില്ല. മനുഷ്യന്റെ അന്തസ്സും അവകാശങ്ങളും സംരക്ഷിക്കപ്പെടുന്ന ഒരു സാമൂഹിക ക്രമത്തിനുവേണ്ടിയുള്ള ഉത്തരവാദിത്വവും അതിൽ ഉൾപ്പെടുന്നു. ഇവിടെ ഉപവിയും നീതിയും പരസ്പരം ബന്ധപ്പെടുന്നു. ധനികർ ദരിദ്രരോട് കാണിക്കുന്ന വെറും ഔദാര്യമല്ല ഉപവി. അടിസ്ഥാന ജീവിതസൗകര്യങ്ങൾ എല്ലാവരുടെയും അവകാശമാണ്. ദൈവമക്കളുടെ അന്തസ്സിൽ എല്ലാവരെയും ജീവിക്കുവാൻ സഹായിക്കുക ക്രൈസ്തവരുടെ കടമയാണ്. അതുകൊണ്ട് സഭയുടെ സാമൂഹിക ദൗത്യം താൽക്കാലിക ആശ്വാസം നൽകുന്നതിൽ മാത്രം ഒതുങ്ങാതെ മനുഷ്യന്റെ സമഗ്രമായ ഉന്നമനത്തിനും പൊതുനന്മയ്ക്കും വേണ്ടി പ്രവർത്തിക്കേണ്ടതാണ്.

ക്രിസ്തീയ നീതി നിയമപരമായ അവകാശങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന സത്യത്തിൽ നിന്നാണ് മനുഷ്യന്റെ അന്തസ്സിനോടുള്ള ആദരവ് ആരംഭിക്കുന്നത്. അതിനാൽ കുടുംബത്തിലും സമൂഹത്തിലും തൊഴിൽ രംഗത്തും സാമ്പത്തിക ജീവിതത്തിലും പൊതുജീവിതത്തിലും മനുഷ്യന്റെ അന്തസ്സും അവകാശങ്ങളും സംരക്ഷിക്കപ്പെടണം. അനീതി, ചൂഷണം, അഴിമതി, വിവേചനം, ദാരിദ്ര്യം, മനുഷ്യാവകാശലംഘനങ്ങൾ എന്നിവയുടെ മുമ്പിൽ സഭയുടെ സാമൂഹിക മനസാക്ഷിക്ക് മൗനമായിരിക്കാനാവില്ല.

www.malankaralibrary.com

ഉപവി-നീതി വർഷാചരണത്തിന്റെ ആത്യന്തിക ലക്ഷ്യം പരസ്പര സ്നേഹത്തിന്റെ വചനാധിഷ്ഠിത മാനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വ്യക്തിയായി, കുടുംബമായി, ഇടവകയായി, സഭയായി, അവ പ്രവർത്തി പഥത്തിൽ എത്തിക്കുവാനുള്ള സ്ഥായിയായ കർമ്മപദ്ധതികൾ നടപ്പിൽ വരുത്തുന്നതാണ്. അടിസ്ഥാനപരമായി ഇത് ഒരു മനപരിവർത്തനത്തിൽ ആരംഭിക്കണം. നമ്മുടെ കുടുംബങ്ങളും ഇടവകകളും സ്ഥാപനങ്ങളും രൂപതകളും ഉപവിയുടെയും നീതിയുടെയും സംസ്കാരം വളർത്തുന്ന ഇടങ്ങളായി മാറണം. കുടുംബത്തിൽ കരുതലും പങ്കുവയ്ക്കലും, ഇടവകയിൽ സഹോദരത്വവും സേവനവും, സമൂഹത്തിൽ പൊതുനന്മയും നീതിയും വളർത്തുന്ന ഒരു ക്രൈസ്തവ സംസ്കാരമാണ് നമുക്ക് ലക്ഷ്യമിടേണ്ടത്. ഓരോ വ്യക്തിയുടെയും വേദന തിരിച്ചറിയുകയും ഓരോ മനുഷ്യന്റെയും അന്തസ്സിനെ മാനിക്കുകയും ചെയ്യുന്ന ഒരു സഭാസമൂഹം രൂപപ്പെടണം.

ഈ പഠനരേഖ അതിനുള്ള ഒരു ദിശാരേഖയാണ്. ക്രിസ്തുവിന്റെ സ്നേഹത്തിലും കരുണയിലും നീതിബോധത്തിലും വളർന്ന്, ദരിദ്രരിലും ദുരിതമനുഭവിക്കുന്നവരിലും ക്രിസ്തുവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ്, അവരെ സ്നേഹത്തോടും കരുണയോടും കൂടി ശുശ്രൂഷിക്കുകയും സേവനത്തിലൂടെ ക്രൈസ്തവ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന നവീകരിക്കപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ സഭയെ രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ദർശനം.

സഭയുടെ നവീകരണം പ്രവർത്തനങ്ങളുടെ എണ്ണത്തിലല്ല, സഭയുടെ ജീവിതത്തിലും മനോഭാവത്തിലും സംസ്കാരത്തിലും സംഭവിക്കുന്ന ആന്തരിക പരിവർത്തനത്തിലാണ്. ഉപവി ഒരു പദ്ധതിയായി മാത്രംനിലനിൽക്കാതെ ജീവിത ശൈലിയാകുകയും, നീതി ഒരു ആശയമായി മാത്രം നിലനിൽക്കാതെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സാക്ഷാത്കരിക്കപ്പെടുകയും വേണം. സഭയുടെ എല്ലാ തലങ്ങളിലും ക്രിസ്തുവിന്റെ കരുണയും സാമൂഹിക ഉത്തരവാദിത്വവും കൂടുതൽ ദൃശ്യമായി പ്രതിഫലിക്കണം.

പുനരൈക്യ ശതാബ്ദിയിലേക്കുള്ള നമ്മുടെ യാത്രയിൽ ഈ വർഷം അതുകൊണ്ടു തന്നെ ഒരു പ്രത്യേക ആത്മീയക്ഷണമാണ്. വചനത്തിൽ നിന്ന് ജീവിതത്തിലേക്കും, ആരാധനയിൽ നിന്ന് സേവത്തിലേക്കും, ക്രിസ്തുവുമായുള്ള ഐക്യത്തിൽ നിന്ന് സഹോദര

www.malankaralibrary.com

ങ്ങളോടുള്ള ഐക്യദാർഢ്യത്തിലേക്കും വളരാനുള്ള ക്ഷണം. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ 25:40) എന്ന കർത്താവിന്റെ വചനം നമ്മുടെ വിശ്വാസത്തിന്റെയും സേവനത്തിന്റെയും സാമൂഹിക ഉത്തരവാദിത്വത്തിന്റെയും അടിസ്ഥാന പ്രചോദനമാകട്ടെ. "നീയും പോയി അതുപോലെ ചെയ്യുക" എന്ന കർത്താവിന്റെ ആഹ്വാനം നമ്മുടെ വ്യക്തി ജീവിതത്തിലും കുടുംബങ്ങളിലും ഇടവകകളിലും സമൂഹത്തിലും സാക്ഷാത്കരിക്കപ്പെടുമ്പോൾ, ആഘോഷിക്കപ്പെടുന്ന വിശ്വാസം ജീവകാരുണ്യത്തിലൂടെ ജീവിക്കപ്പെടുന്ന വിശ്വാസമായി മാറും.

ഈ ഉപവി-നീതി വർഷം ഏവർക്കും ക്രിസ്തീയ ജീവിത സാക്ഷ്യത്തിനുള്ള അവസരമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. ഈ പഠനരേഖയും കർമ്മപദ്ധതിയും ഉപവി-നീതി വർഷ ശുശ്രൂഷകളെ ബലപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

✠ **തോമസ് മാർ യൗസേബിയൂസ്**
പാഠശാല ഭദ്രാസന മെത്രാൻ
ചെയർമാൻ, ഉപവി-നീതി വർഷം

www.malankaralibrary.com

അദ്ധ്യായം 1

നമ്മിലേക്കൊഴുകുന്ന സ്നേഹം

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദി യിലേക്കുള്ള ഒരുക്കങ്ങളിലാണല്ലോ. കഴിഞ്ഞ രണ്ട് വർഷം നാം വചന വർഷമായും ആരാധനാക്രമ വർഷമായും ആചരിച്ചു. വചനം കേട്ട് ദൈവത്തെ ആഴത്തിൽ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ജനം ദൈവമക്കളുടെ സമൂഹമാണ്. ദൈവമക്കൾ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരാണ്. നമ്മെ സംബന്ധിച്ച ദൈവത്തിന്റെ ഇഷ്ടം നാം അവിടുത്തെ ആരാധിക്കുകയും പരസ്പരം സ്നേഹിക്കുകയും വേണം എന്നതാണ്. ആരാധനാക്രമ വർഷം അനുഗ്രഹകരമായി പൂർത്തിയാക്കി നാം പ്രവേശിക്കുന്നത് ഉപവി-നീതി വർഷത്തിലേക്കാണ്. പരസ്പര സ്നേഹത്തിന്റെ വചനാധിഷ്ഠിതമായ മാനങ്ങൾ ആഴത്തിൽ ഉൾക്കൊള്ളുന്നതിനും വ്യക്തിയായും കുടുംബമായും സഭയായും അവ പ്രവൃത്തിപഥത്തിൽ എത്തിക്കുവാനുമുള്ള സ്ഥായിയായ കർമ്മ പദ്ധതി നടപ്പിൽ വരുത്തുന്നതിന് നാം ഈ വർഷം മാറ്റിവയ്ക്കുന്നു.

ക്രിസ്തീയ പാരമ്പര്യം ഉപവി എന്നു വിളിക്കുന്നത് മാനുഷിക മായ പരസ്പര സഹായത്തെ അല്ല. സ്വീകരിക്കപ്പെടുന്നതും നൽകപ്പെടു ന്നതുമായ സ്നേഹം ആണ് ഉപവി (Charity) എന്ന് ഭാഗ്യസ്മരണാർഹ നായ ബനഡിക്റ്റ് പതിനാറാമൻ പാപ്പാ ഉപവിയെ മനോഹരമായി നിർവചിച്ചിട്ടുണ്ട് (സത്യത്തിൽ സ്നേഹം, 5). ഉപവിയുടെ ആഴമായ ദൈവബന്ധവും പ്രവർത്തനോന്മുഖതയും അടിവരയിടുന്ന ഒരു നിർ വചനമാണത്. ദൈവം നമുക്ക് നൽകുന്ന സ്നേഹം, അവിടുത്തെ കൃപ (Charis), നമ്മിൽ പ്രകാശിക്കുന്നതാണ് ഉപവി. ആഴമായ ദൈവബന്ധ ത്തിൽ നിന്നാണ് ഉപവി ഉത്ഭവിക്കുന്നത്. അതുപോലെ അത് നമ്മിൽ നിന്ന് മറ്റുള്ളവരിലേക്ക് ഒഴുകുന്ന സ്നേഹമാണ്; അത് മറ്റുള്ളവരിലേക്ക് നന്മയായി നമ്മെത്തന്നെ ഒഴുക്കിക്കൊടുക്കുന്നതാണ്. പ്രവർത്തിക ളായി വെളിപ്പെടാത്ത സ്നേഹം നിർജ്ജീവമാണ്. നന്മപ്രവൃത്തികളിലൂടെ പ്രകാശിക്കുന്നില്ലെങ്കിൽ കൃപ നിലനില്ക്കുകയില്ല (മത്താ 5:13-16).

1. സ്നേഹം തന്നെയായ ദൈവം

സ്വയം പങ്കുവയ്ക്കുന്ന ദൈവത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടാണ്

www.malankaralibrary.com

ദൈവവചനം ആരംഭിക്കുന്നത്. അവിടുന്ന് വചനം കൊണ്ട് സകലതും സൃഷ്ടിച്ചു ക്രമീകരിച്ചു. ഒടുവിൽ സ്വന്തകരം കൊണ്ട് മനുഷ്യനെ മെനഞ്ഞ്, അവന് തന്റെ ജീവശ്വാസം പകർന്ന് കൊടുത്തു. അവനെ അവിടുന്ന് സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. താൻ സൃഷ്ടിച്ച സകല ജീവജാലങ്ങൾക്കും മീതേ അവന് അധികാരം നല്കി (ഉല്പ 1). തന്റെ ശ്വാസം നല്കി, തന്റെ ഛായ നല്കി, തനിക്ക് മാത്ര മുള്ള അധികാരങ്ങൾ പങ്കുവച്ചാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. നന്മയുടെ പൂർണ്ണത തന്നെയായ ദൈവം തന്റെ സൃഷ്ടി അപൂർണ്ണമായി അവശേഷിക്കാൻ ആഗ്രഹിക്കാതെ പൂർണ്ണത തന്നെയായ തന്റെ ഛായയും സാദൃശ്യവും സൃഷ്ടിയിൽ സന്നിവേശിപ്പിച്ചു എന്ന് വി. ഗ്രിഗറി നസിയാൻസെൻ ഈ വചനഭാഗം വിശദീകരിക്കുന്നു (മനുഷ്യ സൃഷ്ടി, 16). തന്റെ സൃഷ്ടിയെ ദൈവം അനാഥമായി വിടുന്നില്ല: അവിടുന്നിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനില്ക്കുന്നു; നാം അവിടുത്തെ സന്താ നങ്ങളാണെന്ന് ഒരു പ്രാചീന മഹത്വചനം ഉദ്ധരിച്ചുകൊണ്ട്പൗലോസ് ഏരെയോപാഗസിലെ ജനത്തെ ഓർമ്മിപ്പിക്കുന്നു : "അവിടുന്ന് നമ്മി ലാരിലും നിന്ന് അകലെയല്ല" (അപ്പ 17:25-27).

പഴയ നിയമ വചനം ദൈവത്തിന്റെ സ്നേഹത്തെ മനസ്സിലാക്കിയി രുന്നത് ഉടമ്പടിയിൽ അധിഷ്ഠിതമായ വിശ്വസ്തത എന്ന അർത്ഥത്തി ലാണ്. 'ഹെസെദ്' എന്ന് ഹീബ്രൂ വാക്കായിരുന്നു ദൈവത്തിന്റെ കരുണാ പൂർവ്വവും നീതിയിൽ അധിഷ്ഠിതവുമായ വിശ്വസ്തത സൂചിപ്പിക്കുന്ന തിന് പഴയ നിയമം ഉപയോഗിച്ചത്. പഴയ നിയമ ദൈവാനുഭവത്തിന്റെ കേന്ദ്രബിന്ദുവായ പുറപ്പാടനുഭവത്തിൽ മോശയ്ക്ക് മുൻപിൽ ദൈവം തന്റെ വിശുദ്ധനാമം പ്രഖ്യാപിക്കുന്നത് "കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹ ത്തിലും കരുണയിലും അത്യുദാരൻ എന്നാണ്" (പുറ 34:6). പഴയ നിയമത്തിലുടനീളം, ജനം ആവർത്തിച്ച് പരാജയപ്പെടുമ്പോഴും അവി ടുന്ന് അവരോട് തന്റെ വിശ്വസ്തത കാണിക്കുന്നു. പ്രത്യേകിച്ച്, ജീവി തത്തിന്റെ പ്രതിസന്ധികളിൽ പെട്ടുപോകുന്നവരെ അവിടുന്ന് സവിശേ ഷമായി പരിപാലിക്കുന്നു: "കർത്താവ് അനാഥർക്ക് പിതാവും, വിധവ കൾക്ക് സംരക്ഷകനുമാണ്" (സങ്കീ 68:5).

അതുകൊണ്ടുതന്നെ തന്റെ ജനത്തിനു നീതിയിലും കരുണയിലും അടിയുറച്ച ഒരു ജീവിത ക്രമമാണ് അവിടുന്ന് നിർദ്ദേശിക്കുന്നത്.

www.malankaralibrary.com

ആകാശങ്ങളുടെ ആകാശവും ഭൂമിയിലുള്ള സമസ്തവും കർത്താവിന്റേ താകയാൽ, ജാതിയോ വംശമോ നോക്കാതെ സകലർക്കും നന്മ ചെയ്യാ നുള്ള ആഹ്വാനം ഉടമ്പടി ഉറപ്പിക്കലിന്റെ പ്രാരംഭ തത്വമാണ് (നിയ 10:13–18). അതിൽ ദരിദ്രരെയും നിരാലംബരെയും സവിശേഷമായി പരിഗണിക്കണം (നിയ 15:11; ലേവ്യ 19:9–10). ഏഴു വർഷം കൂടുമ്പോൾ എല്ലാ കടങ്ങളും ഇളച്ചുകൊടുക്കുന്ന, അടിമകളെ സ്വതന്ത്രരാക്കുന്ന ഒരു ജീവിത ക്രമമാണ് ഈ നിയമം മുന്നോട്ട് വയ്ക്കുന്നത് (നിയ 15). ഇപ്രകാരം ഏഴു വർഷത്തിന്റെ ഏഴു ചക്രങ്ങൾ പൂർത്തിയാകുമ്പോൾ ഭൂമിയും അതിലെ നന്മകളും കർത്താവിന്റേതാണെന്ന സത്യം ഉറക്കെ പ്രഖ്യാപിക്കുന്ന ജൂബിലി വർഷമാണ് (ലേവ്യ 25). പൊതുനന്മയെ മുൻനിർത്തി സമ്പത്തിന്റെ പുനർവിതരണം സ്ഥായിയായി ക്രമീകരി ക്കാനുള്ള ഏറ്റവും പ്രാചീന മാതൃക ഈ നിയമത്തിൽ കാണാം. ദൈവ നിയമത്തിന്റെ ഈ സാമൂഹിക വശം അവഗണിച്ച ജനത്തെ പ്രവാചക ന്മാർ ഏറ്റവും തീവ്രമായ ഭാഷയിൽ വിമർശിക്കുന്നുണ്ട്. നന്മ പ്രവർത്തി ക്കുകയും നീതി അന്വേഷിക്കുകയും ചെയ്തില്ലെങ്കിൽ ദൈവ നിയമ ത്താൽ സ്ഥാപിക്കപ്പെട്ട ആരാധനാ കർമ്മങ്ങളിൽ പോലും അവിടുന്ന് പ്രസാദിക്കുകയില്ലെന്ന് ഏശയ്യാ വ്യക്തമായി പ്രഖ്യാപിക്കുന്നു (ഏശ 1:11–17). "നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, നിന്റെ ദൈവ ത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക" എന്നതു മാത്രമാണ് സ്വീകാര്യമായ ജീവിത ശൈലി എന്ന് മിക്കാ സ്പഷ്ടമാക്കുന്നു (മിക്കാ 6:8). നീതി ജലം പോലെ ഒഴുകുന്ന (ആമോ 5:24) ഒരു ജീവിത ക്രമമാണ് ദൈവജനത്തിനുണ്ടാകേണ്ടത് എന്ന് ആമോസ് ഓർമ്മിപ്പിക്കുന്നു.

ദൈവത്തിന്റെ ഉടമ്പടി വിശ്വസ്തതയെ തങ്ങളുടെ വംശത്തിനു ലഭിച്ച സവിശേഷ അവകാശമായി കാണാനായിരുന്നു പഴയ നിയമ ജന തയ്ക്ക് താൽപര്യം. എന്നാൽ ദൈവം സൃഷ്ടിച്ച സകലവും അവിടുത്തെ സ്നേഹത്തിൽ പങ്കുചേരുന്നു എന്ന് വചനം അവരെ ഓർമ്മിപ്പിക്കുന്നു. "എല്ലാറ്റിനേയും അങ്ങ് സ്നേഹിക്കുന്നു. അങ്ങ് സൃഷ്ടിച്ച ഒന്നിനെയും അങ്ങ് ദ്വേഷിക്കുന്നില്ല. ദ്വേഷിച്ചെങ്കിൽ സൃഷ്ടിക്കുമായിരുന്നില്ല" (ജ്ഞാനം 11:24).

2. മാംസം ധരിച്ച സ്നേഹം

വർഗവംശങ്ങൾക്ക് ഉപരിയായി, ആവശ്യക്കാരനായി കാണുന്ന വന് നന്മ ചെയ്യുന്നതാണ് ദൈവഹിതത്തിനു യോജിച്ച പ്രവൃത്തി എന്ന്

www.malankaralibrary.com

വ്യക്തമാക്കുന്ന ഒരു ഉപമ പുതിയ നിയമത്തിൽ യേശു പഠിപ്പിക്കുന്നുണ്ട്. നല്ല സമരിയാക്കാരന്റെ ഉപമ. വംശവൈരം മറന്ന് വഴിയരികിൽ മുറിവേറ്റു കിടക്കുന്ന സഹോദരനെ കരുതലോടെ ശുശ്രൂഷിച്ച സമരിയാക്കാരനെ ഉദാഹരിച്ച്, കർത്താവ് ഒരു നിയമജ്ഞനെ ഉപദേശിക്കുന്നു, നീയും പോയി അതുപോലെ ചെയ്യുക. എവിടെയും നടക്കാവുന്ന ഈ കഥ ജറുസലേമിന്റെ പരിസരത്തേക്ക് എടുത്തുവയ്ക്കുകയും പുരോഹിതനെയും ലേവായക്കാരനെയും അതിൽ മുഖ്യകഥാപാത്രങ്ങളാക്കുകയും ചെയ്യുമ്പോൾ കർത്താവ് ഉദ്ദേശിക്കുന്നത്, പ്രവാചകന്മാർ പഠിപ്പിക്കുന്നതുപോലെ, ആവശ്യക്കാരനെ ശുശ്രൂഷിക്കുന്നത് ആരാധനാകർമ്മം പോലെ പവിത്രമായ ദൈവഹിതാനുഷ്ഠാനം ആണെന്നാണ്.

ആഴമേറിയ ഈ ഉപമയിൽ മാത്രമല്ല യേശുവിന്റെ പ്രബോധനങ്ങളുടെ മുഴുവൻ കേന്ദ്രബിന്ദുവായിരുന്നു നന്മയിലേക്ക് പകരുന്ന, പ്രവർത്തനനിരതമാകുന്ന സ്നേഹം. ആ പ്രബോധനങ്ങളുടെ ആധാരം തന്റെ സ്നേഹം കൊണ്ട് എല്ലാം നിലനിർത്തുന്ന പിതാവിന്റെ സ്നേഹമായിരുന്നു. ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴപെയ്യിക്കുകയും ചെയ്യുന്ന (മത്താ 5:45), നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്ന നല്ല പിതാവിന്റെ മക്കളായിരിക്കുന്നതു കൊണ്ട്, നാമും എല്ലാവരോടും നന്മ ചെയ്യുന്നവരും കരുണയുള്ളവരും ആയിരിക്കണം (ലൂക്കാ 6:27-36). പിതാവിനെ എല്ലാറ്റിലുമുപരി സ്നേഹിക്കുകയും, സഹോദരങ്ങളെ തന്നെപ്പോലെ തന്നെ സ്നേഹിക്കുകയുമാണ് എല്ലാ നിയമങ്ങളുടെയും പ്രവാചക ലിഖിതങ്ങളുടെയും അടിസ്ഥാനമെന്ന് കർത്താവ് ചൂണ്ടിക്കാണിക്കുന്നുണ്ട് (മത്താ 22:34-40).

എന്നാൽ പഴയ നിയമം ആവശ്യപ്പെടുന്നതിൽ ഉപരിയായ സ്നേഹമാണ് തന്റെ ശിഷ്യരിൽനിന്ന് താൻ ആഗ്രഹിക്കുന്നതെന്ന് യേശു വ്യക്തമാക്കുന്നുണ്ട്. തന്റെ അവസാന അത്താഴത്തിൽ അവിടുന്ന് ശിഷ്യരോട് ആവശ്യപ്പെടുന്നത് "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13:35) എന്നാണ്. ഈ സുവിശേഷ കല്പനയുടെ സാഹചര്യം അവസാന അത്താഴമാണ്. ആ അത്താഴത്തിലാണ് കർത്താവ് ദാസനെപ്പോലെ അവരുടെ പാദങ്ങൾ കഴുകിയത് (യോഹ 13:1-11); തന്റെ ശരീര-രക്തങ്ങൾ അവർക്ക് ദാനമായി നല്കിയത് (മത്താ 26:26-30). എളിമയോടെ തന്നെത്തന്നെ മറ്റുള്ള

www.malankaralibrary.com

വർക്കായി വിട്ടുകൊടുക്കുന്ന സ്നേഹത്തിന്റെ മാതൃക നല്കിക്കൊണ്ടാണ്, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ എന്ന് അവിടുന്ന് കല്പിക്കുന്നത്. സ്നേഹിതർക്കായി ജീവൻ സമർപ്പിക്കുന്ന സ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് (യോഹ 15:13) തന്റെ ശിഷ്യരും വളരണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

എല്ലാവരെയും സ്നേഹിക്കാൻ പഠിപ്പിക്കുമ്പോൾ യേശു സവിശേഷമായി ചൂണ്ടിക്കാണിക്കുന്ന രണ്ടു കൂട്ടരുണ്ട്. ശത്രുക്കളെ സ്നേഹിക്കണം, നിങ്ങളുടെ ശുശ്രൂഷ ആവശ്യമുള്ളവരെ കരുതലോടെ സ്നേഹിക്കണം. നല്ല സമരിയാക്കാരന്റെ ഉപമ ഒരേസമയം ഈ രണ്ട് പ്രബോധനങ്ങളും ഉൾക്കൊള്ളുന്നു: ആ സമരിയാക്കാരന്റെ ശുശ്രൂഷ ലഭിക്കുന്ന ആൾ ഒരു യഹൂദനായിരിക്കാനാണിടയുള്ളത്; യഹൂദരും സമരിയാക്കാരും തമ്മിലുള്ള ശത്രുത മറന്നാണ് അയാൾ നന്മ ചെയ്യുന്നത്. ശുശ്രൂഷ ആവശ്യമുണ്ട് എന്നത് മാത്രമാണ് അയാളുടെ മാനദണ്ഡം. സഹോദരങ്ങളുടെ ശാരീരികവും മാനസികവുമായ ആവശ്യങ്ങളിൽ ഔദാര്യത്തോടെ സ്വയം പങ്കുവയ്ക്കുന്നതാണ് അവസാന വിധിയിൽ ദൈവം ഒരുക്കിയിരിക്കുന്ന രാജ്യത്തിലേക്ക് പ്രവേശിക്കാനുള്ള മാനദണ്ഡമായി വിധിയാളൻ മുന്നിൽ വയ്ക്കുന്നത്: "എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തു വന്നു" (മത്താ 25:35-36). ഇതിനു കാരണവും അവിടുന്ന് വ്യക്തമാക്കുന്നുണ്ട്: "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത്" (മത്താ 25:40). എളിയവരിൽ കർത്താവിനെ കണ്ട് ശുശ്രൂഷിക്കാനാണ് ഈ വചനം പഠിപ്പിക്കുന്നത്. മുന്നിൽ നില്ക്കുന്നയാൾ ശത്രുവോ മിത്രമോ എന്ന് നോക്കാതെ, നല്ലവനോ തിന്മ ചെയ്യുന്നവനോ എന്ന് നോക്കാതെ, കർത്താവിനെ മുന്നിൽ കണ്ട് ഉത്തമ സ്നേഹിതനും ഉപകാരിക്കും ചെയ്യുന്നതു പോലെ സന്തോഷത്തോടെ നന്മ ചെയ്യാൻ നമ്മെ സഹായിക്കാനാണ് കർത്താവ് ഇക്കാര്യം ഓർമിപ്പിക്കുന്നത് എന്ന് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് (വി. ജോൺ ക്രിസോസ്റ്റം) പഠിപ്പിക്കുന്നു.

www.malankaralibrary.com

യേശു ഇക്കാര്യങ്ങൾ പ്രബോധനങ്ങളിലൂടെ പഠിപ്പിക്കുകയായിരുന്നില്ല. ഈ സന്ദേശം അവിടുത്തെ ജീവിതം തന്നെയായിരുന്നു. ദരിദ്രരെ സുവിശേഷം അറിയിക്കുന്ന, ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കുന്ന (ലൂക്കാ 4:18) ഒരു ജീവിതദൗത്യമാണ് അവിടുന്ന് തനിക്കായി വിഭാവനം ചെയ്യുന്നത്. അവിടുന്ന് എന്തുതരം വ്യക്തിയാണെന്ന് അന്വേഷിച്ചറിയാൻ വന്ന സ്നാപകന്റെ ശിഷ്യന്മാർ ഇക്കാര്യങ്ങൾ നിറവേറുന്നത് കാണുന്നു: "അന്ധന്മാർ കാഴ്ച പ്രാപിക്കുന്നു, മുടന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ബധിരർ കേൾക്കുന്നു, മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു, ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു" (മത്താ 11:5). അവൻ നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ചു എന്ന് അവന്റെ ജീവിതം ചുരുക്കി എഴുതപ്പെട്ടു (നട 10:38). അളവില്ലാതെ സ്വയം പങ്കുവയ്ക്കുന്ന അവന്റെ സ്നേഹം അത്താഴമേശയിൽ സ്വയം മുറിച്ച് വിളമ്പുന്നതുവരെയും, കുരിശിൽ ആ സമർപ്പണം അക്ഷരാർത്ഥത്തിൽ പൂർത്തിയാക്കുന്നതുവരെയും അവനെ നയിച്ചു.

യേശുവിന്റെ ജീവിതത്തിലൂടെയും ബലിയിലൂടെയും നമുക്ക് വെളിപ്പെട്ടത് പിതാവായ ദൈവത്തിന്റെ ആഴമേറിയ സ്നേഹമാണെന്ന് വചനം നമുക്ക് വ്യക്തമാക്കിത്തരുന്നു. "തന്റെ ഏക പുത്രൻവഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ, ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു" (1 യോഹ 4:9). നാം ജീവിക്കേണ്ടതിനാണ്, നമുക്ക് ജീവൻ നല്കുന്നതിനാണ് അവൻ അയയ്ക്കപ്പെട്ടത്. അത് അവൻ നേടിയെടുത്തത് സ്വന്തം ജീവൻ സമർപ്പിച്ചു കൊണ്ടാണ്. "എന്നാൽ, നാം പാപികളായിരിക്കേ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു" (റോമാ 6:8). തന്റെ ഛായയും സാദൃശ്യവും നല്കിനമ്മെ സൃഷ്ടിച്ചവൻ തന്റെ ഏകജാതനെപ്പോലും ഒഴിവാക്കാതെ സകലതും നല്കുന്നവനാണ് എന്ന് പൗലോസ് നമ്മെ ഓർമിപ്പിക്കുന്നു (റോമാ 8:32). ഈ സ്നേഹത്തോട് ചേർന്നു നില്ക്കുമ്പോഴാണ് ദൈവം സ്നേഹമാണെന്ന്, സ്നേഹം എന്നത് അവിടുത്തെ വിശുദ്ധനാമം തന്നെയാണെന്ന്, യോഹന്നാൻ സധൈര്യം പ്രഖ്യാപിക്കുന്നത്. "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്" (1 യോഹ 4:8). "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏക

www.malankaralibrary.com

ജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:18) എന്ന് സുവിശേഷം മുഴുവൻ സംഗ്രഹിക്കാൻ യോഹന്നാന് സാധിക്കുന്നത് അതുകൊണ്ടാണ്.

ക്രിസ്തുവിന്റെയും ദൈവത്തിന്റെയും നാമം 'സ്നേഹം' എന്ന് പകർത്തിയെഴുതാൻ സാധിക്കുന്നതു കൊണ്ടാണ് സ്നേഹിക്കുക എന്ന ഒറ്റ ഉത്തരവാദിത്വത്തിലേക്ക് ക്രിസ്ത്യാനിയുടെ ധാർമ്മികത മുഴുവൻ സംഗ്രഹിക്കാൻ സുവിശേഷത്തിന് സാധിക്കുന്നത്. "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും." (യോഹ 13:35).

3. നമ്മിൽ വസിക്കുന്ന സ്നേഹം

നാം ദൈവത്തെ സ്നേഹിച്ചു എന്നതല്ല, ആദ്യം തന്നെ അവിടുന്ന് നമ്മെ സ്നേഹിച്ചു എന്നതാണ് നമ്മെ സംബന്ധിച്ച യാഥാർത്ഥ്യം എന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, 'നാം പരസ്പരം സ്നേഹിക്കുന്നെങ്കിൽ ദൈവം നമ്മിൽ വസിക്കും' എന്ന കർതൃവാഗ്ദാനം (യോഹ 14:23) യോഹന്നാൻ ആവർത്തിച്ചെഴുതുന്നത്: "നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം നമ്മിൽ പൂർണ്ണമാവുകയും ചെയ്യും. ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്നു നാം അറിയുന്നു" (1 യോഹ 4:12-13). ആത്മാവിലൂടെയാണ് ദൈവത്തിന്റെ സ്നേഹം നമ്മിൽ വസിക്കുന്നത്. "നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു (റോമാ 5:5). ആത്മാവ് നമ്മുടെ ഉള്ളിൽ സ്നേഹത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു" (ഗലാ. 5:22). അങ്ങനെയാണ് വെറും വാക്കുകളിലും വിചാരത്തിലുമല്ല, പ്രവൃത്തിയിലും സത്യത്തിലും സ്നേഹിക്കാൻ (1 യോഹ 3:18) നമുക്ക് സാധിക്കുന്നത്. "പിതാവിൽ നിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവായ ദൈവം, മനുഷ്യന് നല്കപ്പെടുമ്പോൾ, ദൈവസ്നേഹവും സഹോദര സ്നേഹവും അവനിൽ പ്രോജ്വലിപ്പിക്കുന്നു; അവിടുന്ന് തന്നെ സ്നേഹമാകുന്നു എന്ന് വിശുദ്ധ യോഹന്നാന്റെ പ്രബോധനങ്ങൾ വിശദീകരിച്ചുകൊണ്ട് വി. അഗസ്തീനോസ് പഠിപ്പിക്കുന്നു" (വിശുദ്ധ ത്രിത്വം, XV, 17). ക്രിസ്തു തങ്ങളെ സ്നേഹിച്ചതുപോലെ തങ്ങളുടെ സഹോദരങ്ങളെ സ്നേഹിക്കാൻ ക്രിസ്ത്യാനികളുടെ ഹൃദയങ്ങളെ പ്രേരിപ്പിക്കുന്ന, അതിനായി

www.malankaralibrary.com

അവരുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ ഹൃദയവുമായി ഐക്യപ്പെടുത്തുന്ന, ആന്തരിക ശക്തി പരിശുദ്ധാത്മാവാണ് എന്ന് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർപാപ്പാ വിശദമാക്കുന്നു (ദൈവം സ്നേഹമാകുന്നു, 19).

ചുരുക്കത്തിൽ വിശുദ്ധ ഗ്രന്ഥം നമ്മുടെ മുന്നിൽ വയ്ക്കുന്ന ദൈവദർശനം അനുസരിച്ച് കർമ്മനിരതമായ സ്നേഹം എന്നത് ദൈവസംസർഗത്തിൽ നിന്ന് നാം സ്വീകരിക്കുന്ന പ്രാഥമിക ദാനമാണ്. പിതാവ് പുത്രനിലേക്കും, അവരിരുവരും പരിശുദ്ധാത്മാവിലേക്കും അതിരില്ലാതെ സ്വയം നല്കുന്ന സ്നേഹമാണ് പരിശുദ്ധ ത്രിത്വം. ആ സ്നേഹത്തിന്റെ സാമീപ്യത്തിലേക്കാണ് പുത്രൻ തമ്പുരാൻ തന്റെ മനുഷ്യാവതാരം വഴി നമ്മെ വിളിച്ച് ചേർത്തിരിക്കുന്നത്. അവനിലൂടെ പരിശുദ്ധാത്മാവിന്റെ ദാനം വഴി ദൈവ സ്നേഹം നമ്മളിൽ വന്നു നിറയുകയും ദൈവികമായ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഈ ദൈവിക കൂട്ടായ്മയിൽ എത്തുകയും എന്നാൽ സ്നേഹത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യാതിരിക്കുന്നവൻ തന്നിൽ തന്നെ ഒരു വൈരുദ്ധ്യമാണ്. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ. 4:20).

www.malankaralibrary.com

അദ്ധ്യായം 2

സ്നേഹത്തിന്റെ സാക്ഷികൾ

ക്രിസ്തുവിലൂടെ ദൈവത്തിന്റെ സ്നേഹം സ്വീകരിക്കുന്ന ക്രിസ്ത്യാനികൾ ആ സ്നേഹം പങ്കുവച്ചാണ് ജീവിക്കുക. സ്വാർത്ഥതയും ദുരാഗ്രഹങ്ങളും നിറഞ്ഞ ഒരു ലോകത്ത് അതിനു വിരുദ്ധമായ ഒരു ജീവിതസാക്ഷ്യം, കാരുണ്യത്തിന്റെയും നന്മയുടെയും തെളിച്ചം നിറഞ്ഞ ഒരു ജീവിതം, നയിക്കുന്നതിന് ക്രിസ്തീയ സഭയ്ക്ക് ചരിത്രത്തിലുടനീളം കഴിഞ്ഞിട്ടുണ്ട്. അപ്പസ്തോലന്മാർ തുടങ്ങി വിശുദ്ധരുടെ പ്രഭാമയമായ ജീവിത സാക്ഷ്യങ്ങളിൽ നിന്നും, ജ്ഞാനികളായ പിതാക്കന്മാരുടെ ഉപദേശങ്ങളിൽ നിന്നും, സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ നിന്നും ഈ സജീവ സാക്ഷ്യം നാം സ്വീകരിക്കുന്നു. താരതമ്യേന ചുരുങ്ങിയ ഒരു കാലയളവിൽ, നമ്മുടെ നാടിന്റെയും സംസ്കാരത്തിന്റെയും സവിശേഷതകൾ ഉൾക്കൊണ്ട് ആ സ്നേഹ സാക്ഷ്യത്തിൽ പങ്കുചേരുന്നതിന് മലങ്കര കത്തോലിക്കാ സഭയ്ക്കും സാധിച്ചിട്ടുണ്ട്. അനുഗ്രഹീതമായ ആ സാക്ഷ്യത്തിന്റെ പ്രധാന ഏടുകളെങ്കിലും ഓർത്തെടുക്കുന്നത് ഉപവി-നീതി വർഷം ആചരിക്കുന്ന ഈ കാലയളവിൽ നമുക്ക് പ്രചോദനവും കരുത്തും പകരും.

1. ആദിമ സഭയുടെ സാക്ഷ്യം

ക്രിസ്തുവിൽ വിശ്വസിച്ചവർ അവരുടെ ഭൗതിക സമ്പത്ത് രക്ഷയ്ക്കുള്ള മാർഗമായി ഉപയോഗിച്ചിരുന്നു എന്നാണ് വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് നമ്മുക്ക് ലഭിക്കുന്ന സാക്ഷ്യം. "അധാർമിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ. അതു നിങ്ങളെ കൈവെടിയുമ്പോൾ അവർ നിങ്ങളെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കും" (ലൂക്കാ 16:9) എന്ന കർത്തൃവചനം അവരുടെ സാമൂഹിക ജീവിതത്തിന് വഴികാട്ടിയായി. വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു എന്നാണ് വി. ലൂക്കാ ആദിമ സഭയുടെ ജീവിതം അടയാളപ്പെടുത്തുന്നത്. ആദിമ സഭയിൽ സ്വകാര്യ സ്വത്ത് ഉണ്ടായിരുന്നില്ല എന്നല്ല ഇതിനർത്ഥം. ധനികരായ പലരും അവരുടെ

www.malankaralibrary.com

ഭവനങ്ങളിൽ ശിഷ്യർക്ക് ഒരുമിച്ചുവരാനും പ്രാർത്ഥിക്കാനും അവ സരമൊരുക്കിയിരുന്നതായി നടപടി പുസ്തകത്തിൽ തന്നെ നാം വായി ക്കുന്നുണ്ട്. ധനികരും ദരിദ്രരും ഉണ്ടായിരുന്നു. എല്ലാവരും പരസ്പരം സ്വീകരിക്കുകയും കരുതുകയും നന്മകൾ പങ്കുവയ്ക്കുകയും ചെയ്യുന്ന ഒരു ജീവിതശൈലി അവർ രൂപപ്പെടുത്തി.

ക്രിസ്തു ശിഷ്യന്മാർ പുറജാതികളുടെ നഗരങ്ങളിലേക്ക് വ്യാപിച്ച പ്പോൾ ജറുസലേമിലെ അപ്പസ്തോല നേതൃത്വം വി. പൗലോസിനും ബർണബാസിനും നല്കിയ നിർദ്ദേശം ഒന്നുമാത്രമാണ്: "പാവങ്ങളെപ്പറ്റി ചിന്ത വേണം" (ഗലാ 2:10). പലസ്തീനായിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കൂട്ടായ്മകളെ സഹായിക്കണം എന്നായിരുന്നു അതിന്റെ സാന്ദർഭകമായ അർത്ഥം. മാസിഡോണിയായിലെ ക്രൈസ്തവ സമൂഹങ്ങളിൽ നിന്ന് ഗണ്യമായ സംഭാവനകൾ സ്വീകരിച്ച് വി. പൗലോസ് ഇക്കാര്യം കാര്യക്ഷമമായി നിർവഹിക്കുന്നതായി പൗലോ സിന്റെ ലേഖനങ്ങളിൽ നാം കാണുന്നുണ്ട്: "ക്ലേശങ്ങളുടെ തീവ്രമായ പരീക്ഷയിൽ അവരുടെ സന്തോഷാധിക്യവും കൊടിയ ദാരിദ്ര്യവും ഉദാരതയുടെ സമ്പത്തായി കരകവിഞ്ഞൊഴുകി" (2 കോരി 8:2) എന്ന് ശ്ലീഹാ അവരെ പ്രശംസിക്കുന്നു. സമൃദ്ധമായി വാരി വിതറുകയും ദരിദ്രർക്ക് ദാനം ചെയ്യുകയും ചെയ്യുന്ന ദൈവത്തിന്റെ നിലനില് ക്കുന്ന നീതിയിൽ പങ്കുകാരാവുകയാണ് ധനസഹായം നല്കുന്നവർ ചെയ്യുന്നതെന്ന് ശ്ലീഹാ അവരെ ഓർമ്മിപ്പിക്കുന്നു. അവരുടെ സമർപ്പണം വഴി പൂർത്തിയാകുന്ന സേവനത്തിന്റെ ശുശ്രൂഷ സഭയുടെ പൊതുവായ കൃതജ്ഞതാസ്തോത്രത്തിലൂടെ (എവുക്കരിസ്തിയാ) 'ദൈവസന്നിധിയിലേക്ക് കരേറുന്നു' എന്നും ശ്ലീഹാ സൂചിപ്പിക്കുന്നു (2 കോരി 9:7-14). "പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക; ലോകത്തിന്റെ കളങ്കമേല്ക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക" (യാക്കോ. 1:27) എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന വി. യാക്കോബ് ശ്ലീഹാ പ്രവർത്തനനിരതമായ കാരുണ്യവും നീതിയും വഴി മാത്രമേ വിശ്വാസം നിലനില്ക്കുകയുള്ളൂ എന്ന് പഠിപ്പിക്കാനാണ് ആ ലേഖനത്തിൽ മുഴുവൻ ശ്രമിക്കുന്നത്.

ആദിമ സഭ ദാനധർമം പോലെയുള്ള പുണ്യകർമ്മങ്ങളെ ജീവന്റെ വഴിയുമായി താദാത്മ്യപ്പെടുത്തിയിരുന്നു എന്ന് ഡിഡാക്കേ എന്ന

www.malankaralibrary.com

അപ്പസ്തോലിക രചന സാക്ഷിക്കുന്നു. പാവപ്പെട്ടവരിൽ നിന്ന് മുഖം തിരിക്കരുത്, എല്ലാം നിന്റെ സഹോദരനുമായി പങ്കുവയ്ക്കണം, ഒന്നും നിന്റെ സ്വന്തമെന്ന് അവകാശപ്പെടരുത് (ഡിഡാക്കേ 4:8) എന്ന് ഉപദേശിക്കുന്ന ഡിഡാക്കേ മരണത്തിന്റെ വഴി തെരഞ്ഞെടുത്തവരെ വിശേഷിപ്പിക്കുന്നത് "അവർ പാവങ്ങളിൽ നിന്ന് മുഖം തിരിക്കുന്നു, ദുരിത മനുഭവിക്കുന്നവരെ ഞെരുക്കുന്നു, പണക്കാരനെ അനുകൂലിക്കുന്നു പാവപ്പെട്ടവരുടെ മേൽ കുറ്റമാരോപിക്കുന്നു" (ഡിഡാക്കേ 5:2) എന്നാണ്. വി. പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയായ വി. ക്ലെമന്റ് "ധനികൻ തന്റെ സമ്പത്തിൽ നിന്ന് ദരിദ്രന്റെ ആവശ്യങ്ങൾക്കുള്ളവ നല്കട്ടെ, ദരിദ്രൻ തനിക്ക് ഉപകർത്താവിനെ നല്കിയ ദൈവത്തെ മഹത്വപ്പെടുത്തട്ടെ" എന്ന് ഉദ്ബോധിപ്പിക്കുന്നു.

ആദിമ ക്രൈസ്തവരുടെ ജീവിത രീതികൾ വിശദമായി രേഖപ്പെടുത്തിയിട്ടുള്ള രക്തസാക്ഷിയായ ജസ്റ്റിൻ വിശുദ്ധ കുർബായനയുടെ ഒടുവിൽ പാവങ്ങളുടെ സംരക്ഷണത്തിനുള്ള ധനശേഖരം എല്ലാ ജന പദങ്ങളിലുമുള്ള ക്രൈസ്തവ സമൂഹങ്ങളുടെ പൊതു രീതിയായി അടയാളപ്പെടുത്തുന്നു. (ഒന്നാം അപോളജി, 61) പാവങ്ങളോടുള്ള കരുതൽ ക്രൈസ്തവ സംസ്കാരത്തിന്റെ അടയാളമായി എടുത്തുപറയുന്നുണ്ട് വി. ജസ്റ്റിൻ (ഒന്നാം അപോളജി, 14). ആദിമ സഭയിലെ പ്രസിദ്ധമായ ഡീക്കൻ സ്ഥാനം വഹിച്ചിരുന്നവർ സഭയുടെ പരോപകാര പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനായി സവിശേഷനിയോഗം ലഭിച്ചവരാണ്. സഭയുടെ ഔപചാരിക ഘടനകളുടെ ഭാഗമായിത്തന്നെ പാവങ്ങളോടുള്ള കരുതൽ മാറിയിരുന്നു എന്ന് വി. ജസ്റ്റിന്റെ രചനകളും വി. ലോറൻസിനെപ്പോലെ പ്രാചീന സഭയിലെ പ്രസിദ്ധരായ ഡീക്കന്മാരുടെ ജീവിത കഥകളും നമ്മെ ഓർമ്മിപ്പിക്കുന്നു.

വി. ജസ്റ്റിന്റെ സമകാലീനനായിരുന്ന ലൂസിയൻ എന്ന റോമൻ എഴുത്തുകാരൻ തന്റെ രചനകളിലൂടെ ക്രൈസ്തവരെ പരിഹസിച്ചിരുന്ന ആളാണ്. എല്ലാവരെയും സഹോദരരായി കരുതണമെന്നും, സമ്പത്ത് പരസ്പരം പങ്കുവയ്ക്കണമെന്നും പറഞ്ഞ് ക്രിസ്തു തന്റെ ശിഷ്യരെ വഴിതെറ്റിച്ചതായി അയാൾ ക്രൈസ്തവരെ ആക്ഷേപിക്കുന്നു. നാലാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിന്റെ ശത്രുവായി സ്വയം പ്രഖ്യാപിച്ച ജൂലിയൻ ചക്രവർത്തി ക്രൈസ്തവർ പ്രബലരാകാൻ കാരണം അവർ അന്യരോട് കാണിക്കുന്ന കാരുണ്യവും, മരിച്ചവരെ സംസ്കരിക്കുന്നതിലുള്ള

www.malankaralibrary.com

ശ്രദ്ധയും, അവരുടെ ലളിത ജീവിതവുമാണെന്ന് പറയുന്നു. മറ്റു മത സ്ഥർ ഇക്കാര്യങ്ങളിൽ ക്രിസ്ത്യാനികളെ അനുകരിച്ചാൽ ക്രിസ്ത്യാനികളെ പരാജയപ്പെടുത്താൻ സാധിക്കുമെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. പരസ്പര മാൽസര്യവും താൻപ്രാമാണിത്തവും കൊടികുത്തിവാണിരുന്ന റോമൻ സമൂഹത്തിൽ പരസ്പര സ്നേഹവും കരുതലുമായിരുന്നു ക്രിസ്ത്യാനിയുടെ സവിശേഷ വ്യക്തിത്വം എന്നത് ശത്രുക്കൾ പോലും അംഗീകരിച്ചിരുന്നു എന്നാണ് ഈ വിമർശകർ നമുക്ക് പറഞ്ഞുതരുന്നത്.

റോമൻ സാമ്രാജ്യത്തിൽ സാമ്പത്തിക പ്രതിസന്ധികളുള്ള കാലമായിരുന്നു അത്. രണ്ടാം നൂറ്റാണ്ടിന്റെ പകുതി മുതൽ കഠിനമായ ക്ഷാമവും മറ്റു ദുരിതങ്ങളും പല പ്രവശ്യകളിലും നടമാടി. ഇക്കാലത്തു മുതൽ സഭാ സമൂഹങ്ങളും അവയുടെ നേതാക്കളും നഗരങ്ങൾക്ക് നല്കിയ നേതൃത്വം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സിപ്രിയാന്റെ പ്ലേഗ് എന്ന് അറിയപ്പെടുന്ന മഹാമാരിക്കാലത്ത്, മൂന്നാം നൂറ്റാണ്ടിലെ മതസ്പർദ്ധ നിറഞ്ഞ സമയത്തുതന്നെ, ക്രിസ്ത്യാനികൾ ചെയ്ത സഹായം ചരിത്രത്തിൽ പലവിധത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റോമൻ നഗരങ്ങളിൽ ക്രിസ്ത്യാനികൾ ഗണ്യശക്തിയായ കാലം മുതൽ മഹാമാരികളിൽ മരിക്കുന്നവരുടെ എണ്ണം മൂന്നിലൊന്നായി കുറഞ്ഞു എന്ന് ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്. സുറിയാനി സഭയുടെ മല്പാൻ മാർ അപ്രേം കർമനിരതമായ ഉപവിയുടെ രക്തസാക്ഷി കൂടിയാണ്. 370-നടുത്തുണ്ടായ കടുത്ത ക്ഷാമത്തിലും മഹാമാരിയിലും കഷ്ടപ്പെട്ടവരെ രാപകലില്ലാതെ ശുശ്രൂഷിച്ച് അദ്ദേഹം രോഗിയായി മരിക്കുകയായിരുന്നു.

2. ഉപവിയെന്ന വിശുദ്ധ പൈതൃകം

പ്രാചീന സഭയിൽ സന്യാസം ആരംഭിച്ചത് ഏകസ്ഥചര്യയായിട്ടാണ്. സമൂഹ ജീവിതമാണ് സന്യാസിക്ക് അഭികാമ്യം എന്ന് സഭയെ പഠിപ്പിച്ച്, സന്യാസ ഭവനങ്ങൾ ജനമധ്യത്തിൽ സ്ഥാപിച്ച്, അവയെ സ്നേഹത്തിന്റെയും സേവനത്തിന്റെ മാതൃകകൾ ആക്കിത്തീർത്തത് കേസറിയായിലെ വി. ബസേലിയോസ് ആണ്. തന്റെ സന്യാസ ഭവനത്തിനു മുന്നിൽ *ബസീലായാഡെ* എന്ന് വിളിക്കപ്പെട്ടിരുന്ന വലിയ ആതുരാലയം സ്ഥാപിച്ച് വഴിപോക്കർക്കും രോഗികൾക്കും ശുശ്രൂഷ നല്കുകയും ആതുര സേവനം സഭയുടെ ചുമതലയാണെന്ന ബോധ്യം പരക്കെ ഉണ്ടാക്കിയെടുക്കുകയും ചെയ്തു, മഹാനായ മാർ ബസേലിയോസ്.

www.malankaralibrary.com

അക്കാലം മുതൽ ദീപ്തമായ ജീവിത മാതൃകകൾ വഴി സഭയിലെ പ്രകാശ സ്തംഭങ്ങളായിത്തീർന്ന സകലരും പരസ്നേഹത്തിന്റെ, പൊതുനന്മക്കായുള്ള ആത്മസമർപ്പണത്തിന്റെ, ആഴങ്ങൾ ജീവിച്ചു കാണിച്ചവരാണ്. സഭാ ചരിത്രത്തിൽ പൊതുവേ ഇരുണ്ട യുഗം എന്ന് അറിയപ്പെടുന്ന മധ്യകാലത്ത് സ്നേഹത്തിന്റെ, അതുല്യ ശക്തികൊണ്ട് വന്യമൃഗങ്ങളെപ്പോലും സഖികളാക്കിത്തീർത്തവി. ഫ്രാൻസിസും, ഫ്രാൻസിലെ ഒരു ചെറിയ മഠത്തിന്റെ ആവൃതിക്കുള്ളിൽ തന്നോടൊപ്പ മുള്ള സഹോദരിമാരെ തന്റെ ചെറിയ വഴികൾ വഴി അവസാനം വരെ സ്നേഹിച്ച്, 'സ്നേഹമാണെന്റെ ദൈവവിളി'എന്ന ജീവിത സാക്ഷ്യ വുമായി കടന്നുപോയ കൊച്ചുത്രേസ്യാ പുണ്യവതിയും മുതൽ, നമ്മിലെ മുതിർന്ന തലമുറയുടെ കണ്മുന്നിൽ പരസ്നേഹത്തിന്റെ സാക്ഷ്യ മായി തന്റെ ദൈവവിളി പകർത്തിയെഴുതിയ കൽക്കത്തായിലെ മദർ തെരേസ വരെ, സഭയിലെ പ്രഖ്യാതരായ വിശുദ്ധരുടെയെല്ലാം ജീവിത ത്തിൽ പരസ്നേഹമാണ് വിശുദ്ധിയിലേക്കുള്ള വഴിയെന്ന പാഠം നമുക്ക് കണ്ടെത്താൻ കഴിയും. സഭയുടെ ഹൃദയം സ്നേഹമാണെന്നും, സ്നേഹം അണഞ്ഞു പോയിരുന്നെങ്കിൽ അപ്പസ്തോലർ സുവിശേഷം പ്രസംഗി ക്കുകയോ രക്തസാക്ഷികൾ മരണം വരിക്കുകയോ ചെയ്യുകയില്ലായി രുന്നു എന്നും ഉള്ള തിരിച്ചറിവിൽ നിന്നാണ് സ്നേഹം എല്ലാ ദൈവിക നിയോഗങ്ങളുടെയും ഉൾപൊരുളാണെന്ന് താൻ മനസ്സിലാക്കിയത് എന്ന് വേദപാരംഗത കൂടിയായ വി. കൊച്ചുത്രേസ്യ തന്റെ ആത്മകഥ യിൽ എടുത്തുപറയുന്നുണ്ട്.

കർമ്മനിരതമായ സ്നേഹമാണ് വിശുദ്ധിയിലേക്കുള്ള പാത എന്ന് സഭ എക്കാലത്തും വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. "പൂർണ്ണതയുടെ ബന്ധവും, നിയമത്തിന്റെ പൂർത്തീകരണവും" (കൊളോ 3:14; റോമാ 13:10) എന്ന നിലയ്ക്ക്, സ്നേഹം വിശുദ്ധിയിലേക്കുള്ള എല്ലാ മാർഗ ങ്ങളെയും നിയന്ത്രിക്കുന്നു; അവയെ സജീവമാക്കുന്നു; അവയെ ലക്ഷ്യ ത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യൻ തിരിച്ചറിയപ്പെടുന്നത് ദൈവത്തോടും സഹജരോടു മുള്ള അവന്റെ സ്നേഹം മുഖാന്തരമാണ് എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഈ പ്രബോധനം സംഗ്രഹിക്കുന്നു (തിരുസഭ 42). വിശുദ്ധി യുടെ ആത്മാവ് സ്നേഹമാണ് എന്ന് സാർവത്രിക സഭയുടെ മത ബോധന ഗ്രന്ഥം അടിവരയിട്ട് പറയുന്നു (826). ഈ സ്നേഹത്തെ ലോകത്തിൽ നിന്ന് മുഖം തിരിക്കുന്ന ആത്മീയതയോ, വെറും ബൗദ്ധിക

www.malankaralibrary.com

മായ ബോധ്യമോ ആയി മനസ്സിലാക്കരുത് എന്ന് സമീപകാല സഭാ പ്രബോധനങ്ങൾ അടിവരയിട്ട് പറയുന്നുണ്ട്. ഭൗതികമായ ഇല്ലായ്മകൾ ഉൾപ്പെടെ, സഹനത്തിലും ഇല്ലായ്മകളിലും ആയിരിക്കുന്ന മനുഷ്യരെ നിരന്തരമായി ശ്രദ്ധിച്ചുകൊണ്ട് സഭ നല്കുന്ന ശുശ്രൂഷയാണ് സ്നേഹത്തിന്റെ സഭാപരമായ മാനം എന്ന് ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് മാർപാപ്പാ വ്യക്തമായി നിർവചിച്ചിട്ടുണ്ട് (ദൈവം സ്നേഹമാകുന്നു, 19). ആന്തരിക ബോധ്യങ്ങളിൽ നിന്ന് ഫലദായകമായ പ്രവൃത്തികളിലേക്ക് വരുമ്പോഴാണ് സ്നേഹം വിശുദ്ധിയിലേക്ക് നയിക്കുന്നത് എന്ന് ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് മാർപാപ്പാ ഓർമ്മിപ്പിക്കുന്നു (ആനന്ദിക്കുവിൻ ആഹ്ലാദിക്കുവിൻ, 3233).

3. നീതി എന്ന അടിസ്ഥാനം

സാമ്പത്തികമായി ഞെരുങ്ങുന്നവർക്ക് നല്കപ്പെടുന്ന സഹായങ്ങൾ ധനികർ ദരിദ്രരോട് കാണിക്കുന്ന ഔദാര്യമായി പലപ്പോഴും തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇതു തീർത്തും ദൈവ വചനത്തിനു വിരുദ്ധമായ മനോഭാവമാണ്. അടിസ്ഥാനപരമായ ജീവിത സൗകര്യങ്ങൾ എല്ലാ മനുഷ്യവ്യക്തികളുടെയും അവകാശമാണ്; ആരുടെയും സൗജന്യമല്ല. ദൈവമക്കളെന്ന നിലയിൽ, മനുഷ്യരുടെ അന്തസ്സിനു യോജിക്കുന്ന തരത്തിൽ ജീവിക്കാൻ സഹോദരങ്ങൾക്ക് വഴിയൊരുക്കുക എന്നത് ഔദാര്യമല്ല, ക്രൈസ്തവർ അടിസ്ഥാനപരമായി കാത്തു സൂക്ഷിക്കേണ്ട കടമയാണ്. നാം മുൻപ് സൂചിപ്പിച്ചതു പോലെ, നീതിയും എളിയവരുടെ അവകാശങ്ങളുടെ സംരക്ഷണവും പഴയനിയമ പ്രബോധനങ്ങളിൽ വെളിവാകുന്ന ദൈവിക വിശ്വസ്തതയുടെ ഭാഗമാണ്. ദൈവത്തിന്റെ നീതിയിൽ പങ്കുചേരുന്നവർക്ക് നീതിപൂർവമായ ഒരു സമൂഹത്തിന്റെ നിർമിതി ഒഴിവാക്കാനാകാത്ത ഉത്തരവാദിത്വമാണ്. ഈ അർത്ഥത്തിൽ സഹോദരങ്ങൾക്കിടയിൽ സമത്വമുണ്ടാകുവോളം പങ്കുവയ്ക്കാത്തത് പാപമാകുന്നു. സഭാ പിതാക്കന്മാർ ഇക്കാര്യം വളരെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. ക്ഷാമകാലത്ത് തങ്ങൾക്കായി വിഭവങ്ങൾ കരുതിവച്ച ധനികരെ മഹാനായ മാർ ബസേലിയോസ് ഇങ്ങനെ ശകാരിക്കുന്നു: "നിങ്ങൾ കരുതിവച്ചിരിക്കുന്ന അപ്പം വിശപ്പുള്ളവന്റേതാണ്; നിങ്ങളുടെ അലമാരയിലെ മേലങ്കി വസ്ത്രമുടുക്കാനില്ലാത്തവന്റേതാണ്; ഇരുന്നു കേടാകാൻ നിങ്ങളനുവദിക്കുന്ന ചെരുപ്പുകൾ നഗ്നപാദന്റേതാണ്" (ലൂക്കാ സുവിശേഷ പ്രഭാഷണം, 12). നമുക്കുള്ളത് പാവങ്ങളുമായി

www.malankaralibrary.com

പങ്കുവയ്ക്കാതിരിക്കുന്നത് അവരിൽനിന്ന് മോഷ്ടിക്കുന്നതു പോലെയും അവരുടെ ജീവിതം അപഹരിക്കുന്നതു പോലെയും ആണ്. നമുക്കുള്ളവ നമ്മുടേതല്ല, അവരുടേതാണ് എന്ന് വി. ജോൺ ക്രിസോസ്റ്റം പ്രഘോഷിക്കുന്നു (ലാസറിനെപ്പറ്റിയുള്ള പ്രഭാഷണം, 2,5). നീതിയുക്തമായത് അവകാശമായിത്തന്നെ നല്ക്കണമെന്നും, നീതിയനുസരിച്ച് നല്കപ്പെടുന്നത് ഔദാര്യമാണെന്ന് ഭാവിക്കരുതെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കുന്നുണ്ട് (അല്മായർ 8.5).

ധനികർ നല്കുന്ന ഔദാര്യത്തിന്റെ തണലിൽ ജീവിക്കാൻ പാവപ്പെട്ടവരെ പഠിപ്പിക്കുന്നതു വഴി ദരിദ്രരുടെ അവകാശങ്ങളെയും അന്തസ്സിനെയും നിഷേധിക്കുകയാണ് ക്രിസ്തീയ സഭ ചെയ്തിട്ടുള്ളത് എന്ന ഒരു ദോഷാരോപണം ഉണ്ട്. മനുഷ്യനു സഹാനുഭൂതിയല്ല ആവശ്യം നീതിയാണ് എന്ന് വിമർശകർ വാദിക്കുന്നു. 'ദൈവം സ്നേഹമാകുന്നു; എന്ന ചാക്രിക ലേഖനത്തിൽ (28, 29) ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് പതിനാറാമൻ പാപ്പാ ഈ വാദങ്ങൾക്ക് മറുപടി നല്കുന്നുണ്ട്. ഓരോ കാലത്തിനും സന്ദർഭത്തിനും യോജിച്ച രീതിയിൽ നീതി ഉറപ്പുവരുത്തേണ്ടത് പ്രാഥമികമായി രാഷ്ട്രത്തിന്റെ ചുമതലയാണ്. രാഷ്ട്രത്തിന്റെ ഈ കർത്തവ്യത്തിൽ നേരിട്ട് ഇടപെടുകയല്ല സഭ ചെയ്യുന്നത്. മറിച്ച്, മനഃസാക്ഷിയെ രൂപീകരിക്കുന്നതിനും, ധാർമികതയെ ഉണർവുള്ളതാക്കുന്നതിനും പൊതു നന്മയിലേക്ക് ചിന്തകളെ തിരിച്ചുവിടുന്നതിനുമാണ് സഭ ശ്രമിക്കുന്നത്. *റേരും നൊവാരും* (1891) മുതലുള്ള സഭയുടെ സാമൂഹിക പ്രബോധനങ്ങൾ, ഇപ്രകാരം നീതിപൂർവകമായ സാമൂഹ്യഘടനകളെ രൂപീകരിക്കുന്നതിനും നവീകരിക്കുന്നതിനും ലക്ഷ്യം വെച്ചായിരുന്നു എന്ന് മാർപാപ്പാ സൂചിപ്പിക്കുന്നു (27).

മനുഷ്യന്റെ ആവശ്യങ്ങൾ അവന്റെ അവകാശങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. മനുഷ്യന്റെ വേദനകളെ, ഏകാന്തതയുടെ ഭാരത്തെ, വ്യക്തിപരമായ കരുതലിനുള്ള ആവശ്യത്തെ ഒക്കെ പരിഹരിക്കാൻ സാധിക്കുന്നത് സ്നേഹത്തിനാണ്, നീതിനിർവഹണത്തിനല്ല. അതുകൊണ്ട്, നീതി നിറഞ്ഞ ഒരു സമൂഹത്തിൽ പോലും സ്നേഹം അപ്രസക്തമാകുന്നില്ല മനുഷ്യനു ന്യായം മാത്രമല്ല ആവശ്യം; സഹാനുഭൂതിയും വ്യക്തിപരമായ പരിഗണനയും കൂടി വേണം. സ്നേഹവും സഹാനുഭൂതിയും വഴി നീതി നിഷേധിക്കപ്പെടുകയല്ല, നീതിപൂർവ്വകമായ ഒരു സാമൂഹ്യക്രമം പൂർത്തിപ്രാപിക്കുകയാണ്. ക്രൈസ്തവർക്ക്,

www.malankaralibrary.com

പ്രത്യേകമായി അല്മായർക്ക് അവരുടെ സ്നേഹത്താൽ നയിക്ക പ്പെടുന്ന നീതിബോധം വഴി സമൂഹഘടനകളെ നേർവഴിക്ക് നയിക്കാൻ കഴിയും. സ്നേഹത്താൽ നയിക്കപ്പെടുന്ന വ്യക്തികൾക്കാണിത്, സഭ യ്ക്കല്ല, രാഷ്ട്രീയത്തിൽ നേരിട്ട് ഇടപെടാൻ സാധിക്കുന്നത്. അത്തരം രാഷ്ട്രീയ ഇടപെടൽ അല്മായരുടെ 'സാമൂഹ്യ ഉപവി' ആണെന്ന് മാർ പാപ്പ വിശദീകരിക്കുന്നു. പൊതു നന്മയ്ക്കായുള്ള, നീതി ഉറപ്പാക്കാ നുള്ള, സാമൂഹ്യ ഇടപെടൽ ഗൗരവമുള്ള കർത്തവ്യമാണെന്ന് മാർപാപ്പാ ഓർമ്മിപ്പിക്കുകയാണ്.

വ്യക്തിബന്ധങ്ങളിൽ മുതൽ അന്താരാഷ്ട്ര ബന്ധങ്ങളിൽ വരെ സ്നേഹത്തിന്റെ സംസ്കാരം വളർത്തി യെടുക്കുക എന്നതാണ് സഭയുടെ ദൗത്യം എന്നും അതുവഴി കൂടുതൽ നീതിപൂർവ്വം സംവാ ദാത്മകവുമായ സാമ്പത്തികരാഷ്ട്രീയ ക്രമങ്ങൾ രൂപം കൊള്ളുകയും ചെയ്യും എന്ന് ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് മാർപാപ്പായുടെ *'ഫ്രത്തെല്ലി തൂത്തി'* എന്ന ചാക്രിക ലേഖനം നമ്മെ ഉദ്ബോധിപ്പി ക്കുന്നു. ഉപവിയും നീതിയും തമ്മിലുള്ള ആഴമുള്ള പാരസ്പര്യം നമുക്ക് ഈ പ്രബോധനത്തിലുടനീളം കാണാം. പാവപ്പെട്ടവരെ അവരുടെ അന്തസ്സിൽ തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യുന്ന, അവരുടെ വ്യക്തിത്വത്തെയും സംസ്കാരത്തെയും ബഹുമാനിക്കുന്ന, അവരെ സമൂഹത്തിലേക്ക് ഉൾചേർക്കുന്ന ഒരു കാഴ്ചപ്പാട് ഉപവിയിൽ നിന്നേ ഉത്ഭവിക്കൂ എന്ന് മാർപാപ്പ വ്യക്തമാക്കുന്നു. (ഫ്രത്തെല്ലി തൂത്തി 187) അതായത് ഉപവിയിൽ നിന്നാണ് യഥാർത്ഥമായ നീതി സാധ്യമാവുക; നീതിയില്ലാതെ ഉപവി നിലനില്ക്കുകയില്ല.

4. മലങ്കരയുടെ വിശുദ്ധ പൈതൃകം

ഏകസ്ഥ സന്യസ്ഥരെ ഉപവിയുടെ ജീവിതത്തിലേക്ക് നയിച്ച മഹാനായ മാർ ബസേലിയോസിനോട് കടപ്പാടുള്ള നിയമാവലിയാണ് താൻ ബഥനിക്ക് വേണ്ടി നിശ്ചയിച്ചത് എന്ന് ധന്യനായ മാർ ഈവാ നിയോസ് പിതാവ് എടുത്തു പറയുന്നുണ്ട്. ആ ചൈതന്യത്തിനു യോജിച്ച രീതിയിലാണ് മുണ്ടൻ മലയിലെ പ്രഥമ ആശ്രമം പിതാവ് രൂപപ്പെടുത്തി യതും. ആശ്രമം പണിക്കുള്ള പ്രാഥമിക നിർദ്ദേശങ്ങളിൽ ആശ്രമം ഒരു ധർമ്മ സ്ഥാപനമായി വേണം നിർമ്മിക്കാൻ എന്ന് പിതാവ് നിർദ്ദേശി ക്കുന്നുണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമുള്ള ജീവിത സൗകര്യങ്ങളോടൊപ്പം അനാഥശാല, സ്കൂൾ, ആതുരസേവന കേന്ദ്രം

www.malankaralibrary.com

മുതലായവ ഉൾപെട്ടതായിരുന്നു ആശ്രമം. വന ഭൂമിയിലായിരുന്ന അന്നത്തെ ബഥനിയിൽ ആശുപത്രിയും സ്കൂളും പരിമിതമായേ പ്രവർത്തിച്ചിരുന്നുള്ളൂ. അനാഥശാല ഒഴികെ മറ്റൊന്നും പ്രായോഗിക മായിരുന്നില്ല. പക്ഷെ വനഭൂമിയിലെത്തിയ ഹൈന്ദവ തീർത്ഥാടകരുടെ ഇടയിലും, സമീപവാസികളുടെയിടയിലും സന്യസ്തർ ആതുര സേവന ശുശ്രൂഷകളും സായാഹ്ന വിദ്യാഭ്യാസവും നടത്തി വന്നിരുന്നു. അനാഥ ശാലയിൽ വന്നുചേർന്ന സാധുബാലന്മാരാകട്ടെ, പിതാവിനോടൊപ്പം ജീവിതയാത്രയിൽ മുഴുവൻ അനുധാവനം ചെയ്യുന്ന വിധത്തിൽ ആ വാൽസല്യത്തിന്റെ തണലിൽ ആയിത്തീരുകയും ചെയ്തു.

പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ സഭയുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള പണം കണ്ടെത്താനുള്ള കഷ്ടപ്പാടിനിടയിലും അടിസ്ഥാനപരമായ ഉപവിപ്രവർത്തനങ്ങളിൽ നിന്ന് സഭ പിന്തിരിയരുത് എന്ന നിർബന്ധം ധന്യപിതാവിനുണ്ടായിരുന്നു. ഇക്കാരണത്താൽ അനാഥശാലകൾ പ്രവർത്തനം തുടർന്നു. പെൺ കുട്ടികൾക്കും താഴേക്കിടയിലുള്ളവർക്കും വിദ്യാഭ്യാസം നൽകിക്കൊണ്ടിരുന്ന ബാലികാമഠം സ്കൂൾ വിട്ടുകൊടുക്കേണ്ടിവന്നപ്പോൾ തൊട്ടടുത്ത വർഷം (1931) തന്നെ നങ്ങ്യാർകുളത്തെ സ്കൂൾ തുടങ്ങി. മാർത്താണ്ഡത്തെ വിജയകരമായ മിഷൻ മുന്നേറ്റത്തിന്റെ അടിത്തറ തന്നെ സാമ്പത്തിക പരിമിതികളുള്ള കുടുംബങ്ങളിൽ നടത്തിയ വിദ്യാഭ്യാസ, ആതുര സേവന പ്രവർത്തനങ്ങളായിരുന്നു. സാമ്പത്തികക്ലേശം ധാരാളമുണ്ടായിരുന്ന കാലത്തുതന്നെയാണ് തിരുവനന്തപുരത്തെ ഏറ്റവും മികച്ച രണ്ട് വിദ്യാക്ഷേത്രങ്ങൾക്ക്, സെന്റ് മേരീസ് സ്കൂളിനും മാർ ഈവാനിയോസ് കോളേജിനും, അന്നത്തെ മികച്ച സൗകര്യങ്ങളോടെ തന്നെ അദ്ദേഹം തുടക്കം കുറിച്ചത്. ഈ വിദ്യാലയങ്ങളിൽ ചുമതലകൾ വഹിച്ചിരുന്ന വൈദികരെ സമീപത്തെ മിഷൻ ദേവാലയങ്ങളിൽ നിയോഗിച്ചതുവഴി അനേകം മിഷൻ കൂട്ടായ്മകളിൽ സമഗ്രമായ മനുഷ്യോന്നമനത്തിന് വഴിയൊരുക്കുകയും ചെയ്തു.

ഈ മഹാമനീഷിയുടെ സർവാത്മനാ യോഗ്യനായ പിൻഗാമിയായിരുന്നു സഭാധ്യക്ഷനായി അദ്ദേഹത്തെ പിന്തുടർന്ന ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവ്. 'സ്നേഹം മമ ദീപം' എന്ന ആപ്തവാക്യം അന്വർത്ഥമാക്കിയ ആ അജപാലകൻ സമൂഹത്തിന്റെ സമഗ്ര വികസനത്തിനായുള്ള സമർപ്പണം സഭയുടെ മുഴുവൻ അഭിഷേകമാക്കിത്തീർത്തു. വിദ്യാഭ്യാസം, തൊഴിൽ, കൃഷി, വിഭവങ്ങ

www.malankaralibrary.com

ളുടെ പങ്കുവയ്പ്, ഭവന നിർമ്മാണം, അടിസ്ഥാന സഹകരണ യൂണിറ്റുകൾ വഴിയുള്ള സ്വാശ്രയ സംരംഭങ്ങൾ, ആതുരസേവനം മുതലായ രംഗങ്ങളിൽ കേരള സമൂഹത്തിന് മാർഗ ദർശകമായ സംഭാവനകൾ നല്കിയ നേതൃത്വമായിരുന്നു അദ്ദേഹത്തിന്.

ഇക്കാലത്തുതന്നെ ഭാഗ്യസ്മരണാർഹരായ ജോസഫ് മാർ സേവേറീയോസ്, സഖറിയാസ് മാർ അത്തനാസിയോസ്, ഐസക്ക് മാർ യൂഹാനോൻ എന്നീ പിതാക്കന്മാരുടെ നേതൃത്വത്തിൽ മലയോര മേഖലയിലെ ജീവിത നിലവാരം ഉയർത്തുന്നതിനും മധ്യകേരളത്തിലെ പാവപ്പെട്ടവരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കാനും സഭയ്ക്ക് സാധ്യമായി. ആതുര ശുശ്രൂഷാ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും പുഷ്പഗിരി ആശുപത്രിയുടെ സ്ഥാപനത്തിലൂടെ മദ്ധ്യ തിരുവിതാംകൂറിൽ യേശുവിന്റെ കാരുണ്യസ്നേഹം അനേകരിലേക്ക് പകർന്നുകൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ സഭയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ബത്തേരി ഭദ്രാസനത്തിലെ ശ്രേയസ്, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി (MSS), തിരുവല്ലാ അതിഭദ്രാസനത്തിലെ ബോധന, ബഥനി സന്യാസ സമൂഹം, ബഥനി, മേരീമക്കൾ സന്യാസിനീ സമൂഹം എന്നിവയിലൂടെ നടത്തപ്പെട്ട നിരവധി വിദ്യാഭ്യാസ, ആതുര, സാമൂഹ്യക്ഷേമ ശുശ്രൂഷകൾ യേശുവിന്റെ കാരുണ്യ പ്രവർത്തനത്തിന്റെ വലിയ അടയാളങ്ങളായി നിലകൊള്ളുന്നു. കേരളത്തിലെ വലിയ സാമ്പത്തിക മാറ്റങ്ങൾക്കുശേഷം സഭയുടെ നേതൃത്വം ഏറ്റെടുത്ത മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ, സഭയുടെ സേവന ശുശ്രൂഷാ രംഗങ്ങൾ സ്വയം പര്യാപ്തമാകാനുള്ള പരിശ്രമങ്ങൾക്ക് രൂപം നല്കി.

സഹോദരങ്ങളുടെ നന്മയ്ക്കായുള്ള സമർപ്പണത്തെ സഭയുടെ സംസ്കാരവും കാഴ്ചപ്പാടുമായി വളർത്തിയെടുക്കുന്ന അജപാലന സമീപനമാണ് ഇന്ന് സഭയ്ക്ക് നേതൃത്വം നല്കുപന്ന മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടേത്. ദൈവജനത്തിന്റെ മുഴുവൻ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് മനുഷ്യനന്മയ്ക്കായി നിരന്തര ജാഗ്രതയോടെ പുതിയ കർമ്മപദ്ധതികൾ കണ്ടെത്തുന്ന ഒരു ശൈലിയിലേക്ക് ഇന്ന് സഭ ഉണർന്നുകഴിഞ്ഞു. പ്രാദേശികമായ ദുരിതങ്ങളിൽ മാത്രമല്ല, സിറിയായും ആഫ്രിക്കയും

www.malankaralibrary.com

പോലെ വിവിധ ദേശങ്ങളിൽ കഷ്ടതയനുഭവിക്കുന്നവരുടെ കണ്ണീരൊപ്പുന്ന പദ്ധതികൾ ഇന്നത്തെ സഭാ നേതൃത്വത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് നമുക്ക് അഭിമാനത്തോടെ ഓർക്കാം. മാത്രമല്ല, സമൂഹത്തിൽ താഴേക്കിടയിൽ നില്ക്കുന്നവർക്കും അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവർക്കും വേണ്ടി ശബ്ദമുയർത്തുന്നതിലും ഇന്നത്തെ സഭാനേതൃത്വം മുൻനിരയിൽ തന്നെ നിന്നിട്ടുണ്ട്. സ്ത്രീജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും, സാമുദായിക വിവേചനം അനുഭവിച്ചുകഴിഞ്ഞിരുന്ന പരിവർത്തിത ക്രൈസ്തവരെ ക്രിസ്തീയ കൂട്ടായ്മയുടെ നേതൃനിരകളിലേക്ക് കൊണ്ടുവരുന്നതിനുമൊക്ക മാതൃകാപരമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. മനുഷ്യ ജീവിതത്തിന്റെ ഉന്നമനം ദൈവമഹത്വത്തിന്റെ പ്രഘോഷണമാണെന്ന് തിരിച്ചറിഞ്ഞ് നിരന്തരം രൂപീകരിച്ചുകൊണ്ടിരിക്കുന്ന കർമ്മപദ്ധതികളാണ് ഈ സഭയുടെ ജീവൻ. ആ ആത്മസമർപ്പണം കൂടുതൽ കർമോൽസുകമാക്കാനുള്ള ഒരു ക്ഷണമാണ് നമ്മെ സംബന്ധിച്ചിടത്തോളം ഈ ഉപവി-നീതി വർഷാചരണം.

www.malankaralibrary.com

അദ്ധ്യായം 3

സ്നേഹം ജീവിക്കുമ്പോൾ

വിശുദ്ധ ഗ്രന്ഥം ദൈവത്തെക്കുറിച്ച് നമ്മോട് പങ്കുവയ്ക്കുന്ന ചിത്രം സ്നേഹം തന്നെയായ, സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമായ ബന്ധങ്ങൾ നമ്മിൽ നിന്ന് ആഗ്രഹിക്കുന്ന, ഒരു ദൈവത്തിന്റേതാണ് എന്ന് നാം മനസ്സിലാക്കി. വിശുദ്ധ സഭയുടെ സജീവ പാരമ്പര്യം ആ ബന്ധത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ ക്ഷണിക്കുന്നു എന്നും നാം കണ്ടു. ഈ സന്ദേശത്തെ നമ്മുടെ ആത്മീയ നവീകരണത്തിനും കർമോന്മുഖമായ പുനസമർപ്പണത്തിനും സഹായിക്കുന്ന രീതിയിൽ മനസ്സിലാക്കാനാണ് നാം ഇവിടെ ശ്രമിക്കുക.

I. എങ്ങനെ സ്നേഹിക്കണം

"നീയും പോയി അതുപോലെ ചെയ്യുക" എന്ന് കല്പിച്ച്, സ്നേഹം തന്നെയായ പുത്രൻ മാതൃകയായി നല്കിയത് സമരിയാക്കാരനെ ആണ്. നല്ല സമരിയാക്കാരന്റെ മാതൃക ഉപവിയുടെ അസാധാരണമായ ചില ആഴങ്ങൾ തുറന്നുകാട്ടുന്നുണ്ട്.

1. ഉപവി സമീപസ്ഥമായ സ്നേഹമാണ്

ഒരു സാധാരണ യാത്രക്കാരന്റെ സാധാരണ ദിവസം സംഭവിക്കുന്ന ഒരു കാര്യമാണ് ഉപമയുടെ ഉള്ളടക്കം. അയാൾ വീണുകിടക്കുന്ന ഒരു അപരിചിതനെ കണ്ടെത്തുന്നു. കരുണയോടെ അയാളെ പരിചരിക്കുന്നു. അനുദിന ജീവിതത്തിൽ കരുണയും കരുതലുമുള്ളവരായിത്തീരാനാണ് ഈ ഉപമ പഠിപ്പിക്കുന്നത്. പരസ്നേഹ പ്രവർത്തികളെ ബലിയർപ്പണമായി കാണുന്ന സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്, ഈ ബലിയർപ്പിക്കാൻ നിങ്ങൾ ദൈവാലയത്തിലേക്ക് പോകേണ്ടതില്ല എന്ന് പറയുന്നുണ്ട്. നിങ്ങളുടെ ശുശ്രൂഷ അർഹിക്കുന്നവർ അരികിൽ തന്നെ ഉണ്ട് എന്നാണ് അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. ഉപവി എന്നാൽ വൻകാര്യങ്ങൾ ചെയ്യുകയോ, ശ്രദ്ധേയമായ പദ്ധതികളിൽ പങ്കാളികളാവുകയോ ആണെന്ന് നാം തെറ്റിദ്ധരിക്കാനിടയുണ്ട്. എന്നാൽ ഉപവിയുള്ളവരാവുക എന്നാൽ പ്രാഥമികമായി അനുദിന ജീവിതത്തിൽ സമീപസ്ഥരായവരോട് കരുണ കാണിക്കുക എന്നാണ്. സ്നേഹത്തിന്റെ കല്പന രണ്ടുകൂട്ടരുടെ കാര്യത്തിൽ നിശിതമായി നല്കപ്പെട്ടി

www.malankaralibrary.com

ട്ടുണ്ട്: അയല്ക്കാരനെ സ്നേഹിക്കണം, ഒപ്പം ശത്രുവിനെയും. നമ്മുടെ ജീവിതത്തെ സ്പർശിച്ചുനില്ക്കുന്നവരോട് കരുണയുള്ളവരായിത്തീരുക എന്നതാണ് കല്പന പൂർത്തീകരിക്കുന്നതിന്റെ ആദ്യത്തെ പടി. തന്നോടൊപ്പം ജീവിച്ചിരുന്ന സഹോദരിമാരുടെ തെറ്റിദ്ധാരണകളും ചെറിയ ദ്രോഹങ്ങളും ഹൃദയപൂർവം ക്ഷമിച്ചാണ് ശയ്യാവലംബിയായിരുന്ന വി. കൊച്ചു ത്രേസ്യ ഉപവിയുടെ കൊടുമുടികൾ കീഴടക്കിയത്. ഉപവിയുടെ പൂർണ്ണത പ്രാപിക്കാൻ അസാധാരണമായ ലക്ഷ്യങ്ങൾ ആവശ്യമില്ല; സാധാരണ ജീവിതത്തിൽ അസാധാരണമായ നന്മകൾ ചെയ്താൽ മതി.

2. ഉപവി പ്രവർത്തിയിലുള്ള സ്നേഹമാണ്

കർമ്മങ്ങൾ നിറഞ്ഞ രണ്ട് വാക്യങ്ങളിലാണ് യേശു ഒരു സമരിയാക്കാരനെ പരിചയപ്പെടുത്തുന്നത്. "ഒരു സമരിയാക്കാരൻ യാത്രാമധ്യേ അവൻ കിടന്ന സ്ഥലത്തു വന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച്, അവന്റെ മുറിവുകൾ വച്ചുകെട്ടി, തന്റെ കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു." ചോദ്യങ്ങളോ മറു ചോദ്യങ്ങളോ ഇല്ല. വരും വരാഴികകളെക്കുറിച്ചുള്ള ആലോചനകളില്ല. ശുശ്രൂഷ അർഹിക്കുന്ന ഒരാളെ കണ്ടു, അയാൾ ശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിക്കുകയാണ്. ആ ആളിന്റെ ആവശ്യങ്ങൾ മാത്രമേ അയാളുടെ കൺമുന്നിലുള്ളൂ, മറ്റു പരിഗണനകളില്ല. മനസ്സലിവ് എന്ന് ലൂക്കാ വിളിക്കുന്നത് ഈ മനോഭാവത്തെയാണ്. അത് യേശുവിന്റെ മനോഭാവമാണ്. ഈ മനോഭാവത്തിൽ പങ്കുപറ്റുകയാണ് ഉപവി. ക്രിസ്തീയമായ ഉപവി എന്നാൽ പ്രാഥമികമായി വിശക്കുന്നവനെ തീറ്റുന്നതുപോലെ, നഗ്നനെ ഉടുപ്പിക്കുന്നതു പോലെ, രോഗിയെ ശുശ്രൂഷിച്ച് സൗഖ്യപ്പെടുത്തുന്നതു പോലെ, തടവറയിലുള്ളവരെ സന്ദർശിക്കുന്നതു പോലെ, സത്വരമായ ആവശ്യങ്ങളിലേക്കും നിർദ്ദിഷ്ടമായ സാഹചര്യങ്ങളിലേക്കുമുള്ള ലളിതമായ ശ്രദ്ധയാണ് എന്ന് ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് പതിനാറാമൻ പാപ്പാ ഈ ഉപമ വിശദീകരിച്ചു കൊണ്ട് പഠിപ്പിക്കുന്നുണ്ട്. ഓരോ നിമിഷവും ദൈവകരുണയ്ക്ക് ഉചിതമായ വിധം പ്രവർത്തിക്കാൻ മനുഷ്യനെ പഠിപ്പിക്കുന്ന പുണ്യമാണ് ഉപവി. അതാണ് അതിന്റെ ലാളിത്യം: അമിതമായ ആലോചനകളില്ലാതെ നന്മചെയ്യാൻ സാധിക്കുക. ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനങ്ങളിൽ ആവർത്തിച്ചുവരുന്ന

www.malankaralibrary.com

ഫലപുഷ്ടിയുള്ളവരായിത്തീരുക എന്ന ഓർമ്മപ്പെടുത്തലും ഈ പ്രവർത്തനോന്മുഖതയെയാണ് സൂചിപ്പിക്കുക. ദൈവത്തോടുള്ള സ്നേഹം ഒരിക്കലും അലസമായിരിക്കില്ല, ഒരാളിൽ അതുണ്ടെങ്കിൽ അത് വലിയ കാര്യങ്ങൾ ചെയ്തു കൊണ്ടേയിരിക്കും; അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അത് സ്നേഹമല്ല എന്ന് മഹാനായ വി. ഗ്രിഗറി പഠിപ്പിക്കുന്നു (യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നാം പ്രഭാഷണം).

3. ഉപവി വേർതിരിവുകളെ മറികടക്കുന്ന സ്നേഹമാണ്

നല്ല സമരിയാക്കാരന്റെ ഉപമയിലെ വംശീയവും മതപരവുമായ സൂചനകൾ ശ്രദ്ധേയമാണ്. അപകടത്തിൽപ്പെടുന്ന ആളിന്റെ വംശം ഏതാണ് എന്ന് യേശു പറയുന്നില്ല. അയാൾ യാത്ര ചെയ്യുന്നത് ജറുസലേമിൽ നിന്ന് ജറീക്കോയിലേക്കാണ്: ദൈവസാന്നിധ്യം നിറഞ്ഞ ഒരിടത്ത് നിന്ന് കൊള്ളക്കാരുടെ സാന്നിധ്യമുള്ള ഒരു വഴിയിലൂടെ, തിന്മ നിറഞ്ഞ ഒരു നഗരത്തിലേക്ക്. സമരിയാക്കാരൻ അയാളെ ഉപേക്ഷിച്ചു പോകാൻ വംശപരവും ധാർമ്മികവുമായ കാരണങ്ങളുണ്ട്. സാധാരണയായി യഹൂദർ സഞ്ചരിക്കുന്ന വഴിയാണ്. യഹൂദർ സമരിയാക്കാരെ വെറുത്തിരുന്നു. പരുക്കേറ്റയാൾ ഒരു കൊള്ളക്കാരനോ കൊള്ളരുതാത്തവനോ ആയിരിക്കാം. പുരോഹിതനും ലേവായക്കാരനും കടന്നുപോകുന്നത് സമാനമായ കാരണങ്ങൾ കൊണ്ടാണ്. സമരിയാക്കാരൻ അതൊന്നും ആലോചിക്കുന്നില്ല. അയാൾക്ക് വീണുകിടക്കുന്നവന്റെ വംശമോ അവന്റെ ധാർമികതയോ പ്രശ്നമല്ല. ശത്രുവോ അപകടകാരിയോ ആകാൻ സാധ്യതയുള്ള ഒരാളെയാണ് അയാൾ സഹായിക്കുക. അയാളുടെ വംശമോ, മതവിശ്വാസമോ ആദർശങ്ങളോ അയാൾക്ക് നന്മ പ്രവർത്തിക്കാൻ തടസ്സമാകുന്നില്ല. ഒരുപക്ഷേ ഉപമയുടെ ഏറ്റവും ആഴമുള്ള വശം ഒരു സമരിയാക്കാരൻ എന്ന നിലയിൽ അയാൾ അനുഭവിച്ചിരുന്ന വംശീയമായ വേർതിരിവും വെറുപ്പും അയാൾ ആ സമയത്ത് മറക്കാൻ തയ്യാറാണ് എന്നുള്ളതാണ്. ശത്രുവെന്നോ മിത്രമെന്നോ നോക്കാതെ, സ്വന്തമെന്നോ അന്യനെന്നോ ആലോചിക്കാതെ, നല്ലവനോ കൊള്ളരുതാത്തവനോ എന്ന് വേർതിരിക്കാതെ, ഒരാളെ അയാളുടെ ആവശ്യമെന്തെന്ന് മാത്രം നോക്കി സഹായിക്കുകയാണ് അയാൾ ചെയ്യുക. അതുവഴി അയാൾ ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും, നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന (മത്താ 5:45) പിതാവിന്റെ പുത്രനായിത്തീരുകയാണ്.

www.malankaralibrary.com

4. ഉപവി മറ്റൊരാളുടെ നന്മ മുൻഗണനയാക്കുന്ന സ്നേഹമാണ്

ഉപമയിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം സമരിയാക്കാരൻ ചെയ്യുന്ന കാര്യത്തിന്റെ പൂർണ്ണതയാണ്. അയാൾ ഇറങ്ങിച്ചെന്ന് വീണു കിടക്കുന്നയാളിന്റെ മുറിവ് കഴുകി മരുന്ന് നല്കുന്നു. അയാളെ എടുത്ത് സത്രത്തിൽ എത്തിച്ച്, അയാൾക്ക് ആവശ്യമായ മറ്റ് സഹായങ്ങൾ കിട്ടുന്നു എന്ന് ഉറപ്പുവരുത്തുന്നു. അതിനായി വരുന്ന ചിലവുകളും അയാൾ കൊടുത്തു വീട്ടിക്കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഉ പവി പലപ്പോഴും ധനസഹായമായി തെറ്റിദ്ധരിക്കപ്പെടുന്നുണ്ട്. സമരി യാക്കാരന്റെ പ്രവൃത്തിയിൽ തെളിഞ്ഞു നില്ക്കുന്നത് അയാളുടെ മനു ഷ്യത്വമാണ്. മുറിവേറ്റ് അപകടമുള്ള സാഹചര്യത്തിൽ കിടക്കുന്ന ആ ളിന്റെ അരികിലേക്ക് അയാൾ ഇറങ്ങിച്ചെല്ലുന്നതാണ് ആദ്യത്തെ പടി . പലപ്പോഴും നമുക്ക് സാധിക്കാത്തതാണ് അത്. ദരിദ്രരോടും എളിയ വരോടും ഇടപെടുമ്പോൾ അവരുടെ സാഹചര്യങ്ങളിലേക്ക് ഇറങ്ങി നില്ക്കാൻ, സഹോദരനെന്ന നിലയിൽ അവരെ ചേർത്തു പിടിക്കാൻ സാധിക്കുമ്പോഴാണ് നാംചെയ്യുന്ന സഹായങ്ങൾക്ക് അർത്ഥമുണ്ടാവുക. അയാളെ അപകടത്തിൽ നിന്ന് രക്ഷിക്കുന്നതുവരെയുള്ള പൂർണ്ണമായ ഉത്തരവാദിത്തം സമരിയാക്കാരൻ ഏറ്റെടുക്കുന്നു. തന്റെ വ്യക്തിപര മായ ആവശ്യങ്ങൾക്കായുള്ള യാത്ര തുടരുമ്പോഴും അപകടത്തിൽ പെട്ടയാൾ സുരക്ഷിതനായിരിക്കും എന്ന് ഉറപ്പുവരുത്തുന്നു. ഉപവിയുടെ ലക്ഷ്യം അത് സ്വീകരിക്കുന്നവന്റെ നന്മയും സുസ്ഥിതിയും ഉറപ്പുവരു ത്താൻ പരമാവധി ശ്രമിക്കുക എന്നതാണ്. ഉപവി ഇടയ്ക്കിടെ ഉദിച്ച് ഇടയ്ക്ക് അസ്തമിക്കുന്ന വെളിച്ചമല്ല, അത് ഉണർവിനുള്ള കരുതലാണ്. ഉപവി അവനവന്റെ വശം സുരക്ഷിതമാക്കിയിട്ട് അധികമുള്ളത് മറ്റൊ രാൾക്കായി മാറ്റിവയ്ക്കുന്ന സാമർത്ഥ്യവുമല്ല; മറ്റൊരാളുടെ നന്മയും സന്തോഷവും അവനവന്റെ സുസ്ഥിതിക്ക് ഉപരിയായി കരുതുന്ന ഒരാൾക്കേ, അതിനായി നഷ്ടം സഹിക്കാൻ തയ്യാറുള്ള ഒരാൾക്കേ, യഥാർത്ഥത്തിൽ ഉപവി ചെയ്യാൻ സാധിക്കൂ.

5. ഉപവി പ്രതിഫലേച്ഛ ഒഴിവാക്കുന്ന സ്നേഹമാണ്

വീണുപോയ ആളിന്റെ ഉത്തരവാദിത്തം പൂർണ്ണമായി ഏറ്റെടുക്കുന്ന അതേ വ്യക്തതയോടെയാണ് സമരിയാക്കാരൻ രംഗത്തുനിന്ന് ഇറങ്ങിപ്പോകുന്നത്. അയാൾക്ക് തന്റെ ശുശ്രൂഷ സ്വീകരിച്ചവന്റെ നന്ദി ആവശ്യമില്ല. നിസഹായന്റെമേൽ കൂടുതൽ വിലപ്പെട്ട ഒരു മേൽവിലാ സമായി നില്ക്കാൻ അയാൾ ശ്രമിക്കുന്നില്ല. സത്രക്കാരന്റെയോ മറ്റു

www.malankaralibrary.com

ള്ളവരുടെയോ പ്രശംസ അയാൾ ആഗ്രഹിക്കുന്നില്ല. കടമ നിർവ്വഹിച്ചു കഴിഞ്ഞാൽ രംഗത്ത് നിന്ന് സന്തോഷമായി ഇറങ്ങിപ്പോവുകയാണ് അയാൾ ചെയ്യുന്നത്. നാം നന്മ ചെയ്യേണ്ടത് പ്രത്യുപകാരമോ സാമൂഹ്യ മായ അംഗീകാരമോ പ്രശസ്തിയോ ആഗ്രഹിച്ചു കൊണ്ടാകരുതെന്ന് വ്യക്തമാക്കുകയാണ് യേശു ഇവിടെ. പ്രത്യുപകാരം പ്രതീക്ഷിച്ചുകൊണ്ട് നല്കുന്ന വിരുന്നുകൾക്ക് സ്വർഗ്ഗത്തിൽ പ്രതിഫലമില്ലെന്ന് അവിടുന്ന് വ്യക്തമാക്കുന്നുണ്ട് (ലൂക്കാ 14:12-14).

ഇതുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് മതം മാറ്റം. രണ്ട് കാര്യ ങ്ങൾ നാം വ്യക്തമായി മനസ്സിലാക്കാനുണ്ട്: 1) ക്രിസ്ത്യാനികൾ ചെയ്യുന്ന നന്മപ്രവർത്തികൾ കണ്ട് അനേകർ ദൈവ സ്നേഹം തിരി ച്ചറിഞ്ഞ് വിശ്വാസത്തിലേക്ക് കടന്നുവന്നിട്ടുണ്ട്. ഇത് ഒരു ചരിത്ര വസ്തു തയാണ്. 2) ഒരു ക്രിസ്ത്യാനിയ്ക്ക് മറ്റൊരാൾക്ക് കൊടുക്കാവുന്ന ഏറ്റവും വലിയ സ്നേഹസമ്മാനമാണ് സുവിശേഷം. സുവിശേഷ പ്രചാരണം ഉപവിയുടെ ഏറ്റവും ഉയർന്ന രൂപമാണ്. ഇക്കാര്യത്തിൽ സംശയമേ വേണ്ട. എന്നാൽ, നാം ചെയ്യുന്ന ഒരു നന്മ പ്രവർത്തിയിലും ആ നന്മ സ്വീകരിക്കുന്ന ആളിന്റെ സന്തോഷവും നന്മയുമല്ലാതെ മറ്റൊന്നും നാം ലക്ഷ്യം വയ്ക്കാൻ പാടില്ല. നമ്മുടെ നന്മയിൽ നിന്ന് ആരെങ്കിലും ദൈവത്തിന്റെ സ്നേഹം തിരിച്ചറിയുന്നെങ്കിൽ അത് തീർച്ചയായും നല്ലതുതന്നെയാണ്. എല്ലാ നന്മകളിലും ദൈവസ്നേഹമാണ് ഒരുവനെ ഇതിനു പ്രേരിപ്പിക്കുന്നതെന്ന സാക്ഷ്യം നല്കാൻ ക്രിസ്ത്യാനിക്ക് കടമയുണ്ട്. പക്ഷെ നാം ചെയ്യുന്ന നന്മ പ്രവർത്തികൾക്ക്, മനുഷ്യ നന്മ എന്നതിൽ അപ്പുറമായ ഒരു കണക്കുകൂട്ടൽ ഉണ്ടാകേണ്ടതില്ല. ആരെയും മാനസാന്തരപ്പെടുത്താൻ ലക്ഷ്യം വച്ചല്ല നാം നന്മ ചെയ്യേണ്ടത്.

അനുദിന ജീവിതത്തിൽ കരുണയും നന്മയുമുള്ളവരായിത്തീരുക, നന്മ വാക്കിലും ചിന്തയിലും മാത്രം സൂക്ഷിക്കാതെ പ്രവർത്തി പഥ ത്തിൽ കൊണ്ടുവരാൻ നിരന്തരം ശ്രമിക്കുക, നമുക്കിഷ്ടമില്ലാത്തവരെയും നമ്മെ ഇഷ്ടമില്ലാത്തവരെയും ഉൾപ്പടെ നമ്മിൽ നിന്ന് നന്മ ആഗ്രഹി ക്കുന്ന എല്ലാവരോടും കരുണയോടെ പെരുമാറുക, സഹോദരരുടെ നന്മയും സന്തോഷവും നമ്മുടെ താല്പര്യങ്ങൾക്ക് ഉപരിയായി കരുതുക, പ്രതി ഫലം ആഗ്രഹിക്കാതെ നന്മ ചെയ്യുക: ഈ സന്ദേശങ്ങളാണ് നല്ല സമരി യാക്കാരന്റെ മാതൃകയിൽ നിന്ന് നാം സ്വീകരിക്കുന്നത്.

www.malankaralibrary.com

II. ഉപവിയുടെ തലങ്ങൾ

ഉപവി ലക്ഷ്യം വയ്ക്കേണ്ട മൂന്ന് തലങ്ങൾകൂടി സമരിയാക്കാരന്റെ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. 1) സമരിയാക്കാരൻ മുറിവേറ്റവന്റെ ശരീരത്തിനു ശുശ്രൂഷ നല്കുന്നു 2) അയാളുടെ അന്തസ്സിനെ വിലമതിക്കുന്നു. 3) അയാൾക്ക് സത്രത്തിലെ ശുശ്രൂഷ വഴി വന്നേക്കാവുന്ന ബാധ്യത ഏറ്റെടുക്കുന്നു.

1. ക്ലേശങ്ങളിലേക്കുള്ള ശ്രദ്ധ

പുരാതന ഗ്രീക്കോ റോമൻ സംസ്കാരത്തിൽ രോഗികൾ മിക്കപ്പോഴും ഉപേക്ഷിക്കപ്പെട്ടിരുന്നു. രോഗാവസ്ഥയിലുള്ളവരെ ഏറ്റുവാങ്ങി ശുശ്രൂഷിക്കുന്ന ആതുരാലയങ്ങൾ ആരംഭിച്ചത് മഹാനായ മാർ ബസേലിയോസ് ആണെന്ന് മുൻപ് സൂചിപ്പിച്ചിട്ടുണ്ട്. ബേസിലിന്റെ ആതുരാലയത്തെപ്പറ്റി സതീർത്ഥ്യനായ മാർ ഗ്രിഗോറിയോസ് നസിയാൻസെൻ ഇങ്ങനെ എഴുതുന്നു: "അദ്ദേഹം നമ്മുക്കായി ഭക്തിയുടെ ഒരു കലവറ ഒരുക്കിയിരിക്കുന്നു; പൊതു സമ്പത്തിന്റെ നിലവറ അവിടെ രോഗങ്ങളുണ്ട്, പരിചരണമുണ്ട്, കഷ്ടപ്പെടുന്നവന്റെ ഉടലിൽ ക്രിസ്തുതന്നെ പൂജിക്കപ്പെടുന്നുണ്ട്" (മാർ ബേസിലിനുള്ള ചരമപ്രഭാഷണം). കഷ്ടതയനുഭവിക്കുന്നവന്റെ ഉടലിനു ലഭിക്കുന്ന ശുശ്രൂഷ ആത്മീയചര്യയും ആരാധനയുമായി നമുക്ക് കാട്ടിത്തരികയാണ് വിശുദ്ധൻ.

ഇന്ന് സാംക്രമിക രോഗങ്ങൾ കൂടുതൽ നിയന്ത്രണത്തിലായിട്ടുണ്ട്. പൊതു ആരോഗ്യ മേഖല വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. കുടുംബങ്ങൾ രോഗികളെ പരിചരിക്കുന്നതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ കൂടുതൽ പ്രാപ്തമായിട്ടുണ്ട്. എങ്കിലും രോഗാവസ്ഥകൾ ഉണ്ടാക്കുന്ന ശാരീരികവും, മാനസികവും സാമ്പത്തികവും ആയ ക്ലേശങ്ങൾ ഇന്നും സഹിക്കാൻ എളുപ്പമുള്ളതല്ല.

പോഷകാഹാരക്കുറവ്, പാർപ്പിടങ്ങളുടെ അപര്യാപ്തത, ശാരീരിക പരിമിതികൾ, അപകടങ്ങളിൽ നിന്നുണ്ടാകുന്ന അംഗഭംഗം, ജീവിതശൈലീ രോഗങ്ങളുടെയും കാൻസർ പോലെയുള്ള മാരക വ്യാധികളുടെയും വ്യാപനം എന്നിങ്ങനെ വ്യക്തികളെയും കുടുംബങ്ങളെയും ഭാരപ്പെടുത്തുന്ന ആരോഗ്യപ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിൽ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്ന മാതാപിതാക്കളുടെ ശാരീരികവും മാനസികവുമായ വേദനകൾ പുതിയ കുടുംബ വ്യവസ്ഥിതിയിലെ വർദ്ധിച്ചുവരുന്ന വ്യാധിയാണ്.

www.malankaralibrary.com

മനുഷ്യർ അവനവന്റെ ക്ലേശങ്ങളിലേക്കും പ്രാരാബ്ധങ്ങളിലേക്കും ചുരുങ്ങിപ്പോകുന്ന ഈ കാലത്ത്, രോഗാവസ്ഥയിലുള്ളവരുടെയും ശാരീരികമായി ക്ലേശമനുഭവിക്കുന്നവരുടെയും ശുശ്രൂഷയ്ക്കുള്ള ആത്മീയ മാനങ്ങൾ നാം കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം. നേരിട്ടുള്ള രോഗീപരിചരണവും സാമ്പത്തിക ക്ലേശങ്ങളുടെ പങ്കു വയ്പും ഏകാന്തതയെ മറികടക്കാൻ സഹായിക്കുന്ന അനുധാവനവും ക്രിസ്തീയ ജീവിതപദ്ധതികളുടെ നിരന്തരമായ ശ്രദ്ധകളായി നാം വീണ്ടെടുക്കേണ്ടതുണ്ട്.

2. മനുഷ്യാന്തസ്സിലേക്കുള്ള ശ്രദ്ധ

സമരിയാക്കാരന്റെ ഉപമയിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം അയാൾ വീണുകിടന്നയാളെ സ്വയം പരിചരിക്കുക മാത്രമല്ല, അന്നത്തെ പൊതു ശുശ്രൂഷാ സംവിധാനം എന്ന് പറയാവുന്ന ഒരു സത്രത്തിൽ എത്തിച്ച്, അയാൾ പരിചരണം ലഭിക്കാനുള്ള സാഹചര്യവും ഒരുക്കി എന്നതാണ്. അധഃസ്ഥിതനെ സ്വന്തം ആശ്രിതനായി നിർത്താതെ സാമൂഹ്യ ക്രമ ത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമമായി അതിനെ വ്യാഖ്യാനിക്കാം. തുല്യാവകാശങ്ങളുള്ള ഒരു വ്യക്തിയായിട്ടാണ് സമരിയാക്കാരൻ അയാളെ സമീപിക്കുന്നത്. പൊതു മേല്നോട്ടത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ അവയുടെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തവർക്ക് എത്തിച്ചുകൊടുക്കാനുള്ള ശ്രദ്ധ ഒരുപക്ഷേ ഭാഗ്യസ്മരണാർഹനായ ബ നഡിക്റ്റ് മാർപാപ്പാ നമ്മേ ഓർമ്മിപ്പിച്ചിട്ടുള്ള സാമൂഹ്യമായ ഉപവി യുടെ അടിസ്ഥാനഘടകമാണ്.

ജീവിതത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (ഭക്ഷണം, പാർപ്പിടം, മരുന്ന് മുതലായവ), വ്യക്തിത്വവികാസത്തിന് അവശ്യ മായ സൗകര്യങ്ങൾ (വിദ്യാഭ്യാസം, സാമ്പത്തിക സുരക്ഷിതത്വം, കുടുംബഭദ്രത മുതലായവ), മാന്യമായ ജീവിതത്തിനാവശ്യമായ സൗകര്യങ്ങൾ (തൊഴിൽ, വേതനം, ചൂഷണങ്ങളിൽ നിന്നും പീഡന ങ്ങളിൽ നിന്നുമുള്ള സംരക്ഷണം വൈകല്യം കൊണ്ടോ വാർദ്ധക്യം കൊണ്ടോ അശരണരായവർക്കുള്ള പ്രത്യേക അവകാശങ്ങൾ മുതലാ യവ) ഇവയൊക്കെ ഉറപ്പുവരുത്തുന്ന സിവിൽ നിയമ വ്യവസ്ഥിതികളും, ക്ഷേമ സുരക്ഷാ പദ്ധതികളും ഇന്ന് ഗവൺമെന്റ് തലത്തിൽ നിലവിൽ വന്നിട്ടുണ്ട്. ചിലപ്പോൾ വ്യക്തിപരമായ അനീതികൾ സംഭവിക്കുന്നതു കൊണ്ടും, പലപ്പോഴും സാമൂഹികവും വ്യവസ്ഥാപിതവുമായ അനീ

www.malankaralibrary.com

തികൾ നിലനില്ക്കുന്നതുകൊണ്ടും പലർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ജാതിവ്യവസ്ഥയും ലിംഗവിവേചനവും പോലെ സാമൂഹ്യ തിന്മകളുടെ അടിസ്ഥാനരൂപങ്ങൾ ഇന്നും നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്നുണ്ട്, പലരുടെയും ന്യായമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നുണ്ട്. ഇവ പുനഃസ്ഥാപിച്ചുകൊടുക്കാൻ ആവശ്യമായ സാമൂഹ്യ ബോധ്യങ്ങൾ രൂപപ്പെടുത്തുന്നതിനും രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കുന്നതിനും അവകാശങ്ങളെക്കുറിച്ച് വിദ്യാഭ്യാസം നല്കി അടിസ്ഥാനവിഭാഗങ്ങളെ ശക്തിപ്പെടുത്തുന്നതിനുമെല്ലാംക്രൈസ്തവനു കടമയുണ്ട്.

നാം മുൻപ് സൂചിപ്പിച്ചതുപോലെ നീതിയുടെ വ്യക്തിപരവും സാമൂഹ്യവുമായ മാനങ്ങൾ അനുവർത്തിക്കേണ്ടത് സ്നേഹ ജീവിതത്തിലേക്കുള്ള പ്രാരംഭവും ഉറച്ച അടിത്തറയുമാണ്. സഹോദരനെ തന്നെക്കാൾ അധികമായി മാനിക്കുന്ന ഒരു മനോഭാവമാണ് ക്രിസ്ത്യാനിയുടെ ഉപവിയുടെ ശക്തിയാകേണ്ടത്. അത് വൈകാരികമായ ഒരു സാഹോദര്യ പ്രകടനമോ, സഹതാപമോ അല്ല. ക്ലേശിതരിൽ ക്രിസ്തുവിനെത്തന്നെ കാണുന്ന സജീവ വിശ്വാസത്തിന്റെ പ്രകാശനവും, മനുഷ്യരിൽ ദൈവത്തിന്റെ പ്രതിച്ഛായ വസിക്കുന്നു എന്ന വേദസത്യത്തിന്റെ പ്രഘോഷണവുമാണ്. നീതിയുടെ കവാടങ്ങൾ മലർക്കെ തുറക്കാതെ യോഗ്യമായ ദൈവാരാധനയോ സത്യസന്ധമായ ദൈവരാജ്യ പ്രഘോഷണമോ ഉണ്ടാവുകയില്ല. നീതിക്കുവേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിക്കുന്നത് വ്യക്തിപരമായ മാനസാന്തരത്തിൽ നിന്ന് ആയിരിക്കണം. ഞാൻ നീതി അനുഷ്ഠിക്കുന്നവനാവുക എന്നതാണ് നീതിനടപ്പാക്കുന്നതിനുള്ള ആദ്യ കാൽവയ്പ്.

3. ബാധ്യതകളിലേക്കുള്ള ശ്രദ്ധ

മുറിവേറ്റവനെ ശുശ്രൂഷിക്കുന്നത് വഴി സത്രത്തിൽ വരുന്ന ബാധ്യത താൻ തീർത്തുകൊള്ളാം എന്ന വാഗ്ദാനം മേലങ്കി ചോദിക്കുന്നവന് പുതപ്പ് കൂടി കൊടുക്കുന്ന സുവിശേഷ നീതിയുടെ നിർവഹണമാണ്. നന്മയുണ്ടാവുകയല്ല, അത് സമൃദ്ധമായി ഉണ്ടാവുക എന്നതാണ് കർത്താവ് ആഗ്രഹിക്കുന്നത്. മുറിവേറ്റയാളെ സുഖപ്പെടുത്തുക മാത്രമല്ല സുരക്ഷിതനാക്കുക കൂടിയാണ് ഉപവി എന്ന് സമരിയാക്കാരൻ ഓർമ്മിപ്പിക്കുന്നു.

സാമ്പത്തികമായോ വൈകാരികമായോ ഒക്കെ മറ്റുള്ളവരോട്

www.malankaralibrary.com

ബാധ്യതപ്പെട്ട് ജീവിക്കുന്നത് മനുഷ്യസ്വാതന്ത്ര്യത്തെ അടിസ്ഥാനപര മായി അസ്ഥിരപ്പെടുത്തുന്നു; പല രൂപങ്ങളിലുള്ള അടിമത്തങ്ങളിലേക്ക് നയിക്കുന്നു. അതുകൊണ്ട് കൂടിയാണ് ദൈവനീതി കടങ്ങൾ ഇളച്ചു കൊടുക്കുന്നത് ജൂബിലിയുടെ അനുഷ്ഠാന ക്രമമായി പ്രഖ്യാപിക്കു ന്നത്. സാമ്പത്തികവും തൊഴിൽ പരവുമായ ബാധ്യതകളിൽ മനുഷ്യരെ കുരുക്കിയെടുക്കുന്നത് ഇന്നത്തെ കമ്പോള സംസ്കാരത്തിന്റെ ഭാഗമാ യിട്ടുണ്ട്. ബാധ്യതകളിൽ നിന്നും അടിമത്തത്തിന്റെ വിവിധ രൂപങ്ങ ളിൽ നിന്നും സ്വതന്ത്രരായി ജീവിക്കാൻ സഹോദരങ്ങളെ പഠിപ്പിക്കു ന്നതും പ്രാപ്തരാക്കുന്നതും ഉപവി നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന കർത്തവ്യമാണ്. ക്രിസ്തീയ സമൂഹങ്ങളിൽ കൂടുതൽ നീതിനിഷ്ഠവും ഔദാര്യ പൂർണ്ണവുമായ സാമ്പത്തിക സഹകരണം ഉറപ്പുവരുത്തുക ഇ തിനുള്ള മാർഗ്ഗമാണ്.

ആത്മീയമായ ബാധ്യതകൾ ഈ അവസരത്തിൽ ഓർക്കുന്നത് ഉചിതമായിരിക്കും. സാമൂഹ്യ തിന്മകളുടെയും അനീതികളുടെയും പിന്നി ൽ പാപത്തിന്റെയും ആസക്തികളുടെയും പ്രലോഭനങ്ങളാണുള്ളത്. പൈശാചിക ശക്തികളിൽ നിന്ന് സഹോദരങ്ങളെ മോചിപ്പിക്കുന്നത് സുവിശേഷ ദൗത്യത്തിന്റെ അടിസ്ഥാന ഘടകമായി കർത്താവ് എപ്പോഴും എടുത്തുകാട്ടുന്നുണ്ട്. മനുഷ്യന്റെ ആത്മീയമായ ആവശ്യ ങ്ങളിലേക്കുള്ള ശ്രദ്ധ ഉപവിയുടെ ഭാഗമാണെന്നല്ല പറയേണ്ടത് അതി ലുപരി ഏറ്റവും അവശ്യമായ ഭാഗമാണ് എന്നാണ്. വീണു പോയവർക്ക് നന്മ ചെയ്യുക മാത്രമല്ല, അവരെ നന്മയിലേക്ക് നയിക്കുക കൂടി ചെയ്യു മ്പോഴാണ് മനുഷ്യർ സുരക്ഷിതരാവുക. സമ്പത്ത് പങ്കുവയ്ക്കുന്നത് മാത്രമല്ല, പ്രാർത്ഥനയായി, ഉപദേശമായി, സാന്നിധ്യമായി കൂടെ നില്ക്കാൻ കഴിയുന്നതും സാഹോദര്യത്തിന്റെ, ഉപവിയുടെ, വിലപ്പെട്ട ഭാഗം തന്നെയാണ്.

III. ഉപവിയുടെ ആത്മീയ ഫലങ്ങൾ

അനുസരണക്കേടിന്റെ പ്രതിസന്ധിയിൽ നിന്നും, അതിനു ലഭിച്ച ശിക്ഷയിൽ നിന്നും രക്ഷനേടിയ അവശിഷ്ടജനം വിപ്രവാസത്തിന്റെ അനുഭവത്തിൽ ജീവിക്കുന്ന കാലത്താണ് പഴയനിയമ ചരിത്രത്തിലെ അവസാന ഗ്രന്ഥങ്ങളിലൊന്നായ തോബിത്ത് രചിക്കപ്പെടുന്നത്. ദാന ധർമ്മം, അതിഥി സൽക്കാരം, മരിച്ചവരെ യോഗ്യമായി സംസ്കരിക്കു ന്നത് മുതലായ പുണ്യങ്ങളെ പ്രകീർത്തിക്കുന്ന ഈ പുസ്തകത്തിൽ

www.malankaralibrary.com

സത്ക്കർമ്മങ്ങളെക്കുറിച്ചും, അവയ്ക്കുള്ള പ്രതിഫലത്തെക്കുറിച്ചും ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ നല്കുന്ന ഉപദേശങ്ങൾ മനോഹരമായി സംഗ്രഹിച്ചിട്ടുണ്ട്. "ദാനധർമ്മം ചെയ്യുന്നതിൽ മടികാണിക്കരുത്; പാവപ്പെട്ടവനിൽ നിന്ന് മുഖം തിരിച്ചു കളയരുത്. സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യുക; കുറച്ചേയുള്ളെങ്കിൽ അതനുസരിച്ച് ദാനം ചെയ്യാൻ മടിക്കരുത്. ദരിദ്രകാലത്തേക്ക് ഒരു നല്ല സമ്പാദ്യം നേടിവയ്ക്കുകയായിരിക്കും നീ അതുവഴി ചെയ്യുന്നത്. എന്തെന്നാൽ ദാനധർമ്മം മൃത്യുവിൽ നിന്ന് രക്ഷിക്കുകയും അന്ധകാരത്തിൽ പെടുന്നതിൽ നിന്ന് കാത്തുകൊള്ളുകയും ചെയ്യുന്നു. ദാനധർമ്മം അത്യുന്നതന്റെ സന്നിധിയിൽ വിശിഷ്ടമായ കാഴ്ചയാണ്" (തോബിത്ത് 4:7-11).

ക്രിസ്തീയ ആത്മീയത എന്നാൽ, പാപങ്ങൾക്ക് പരിഹാരം ചെയ്ത്, ദൈവസാമീപ്യത്തിലും സാരൂപ്യത്തിലും ജീവിക്കാനുള്ള ശ്രമമാണല്ലോ. ഈ പരിശ്രമത്തിന്റെ ഏറ്റവും യോജ്യമായ പ്രായോഗിക പദ്ധതി ഉപവിയല്ലാതെ മറ്റൊന്നുമല്ല. കാരണം ഉപവി പാപപരിഹാരത്തിനുള്ള ഉത്തമമാർഗ്ഗമാണ്; അത് നമ്മെ ക്രിസ്തുവിന്റെ വഴിയിൽ നടത്തുന്നു, പിതാവിന്റെ സാദൃശ്യത്തിലേക്ക് വളർത്തുകയും ചെയ്യുന്നു.

1. ഉപവി: ബലിയും പാപപരിഹാരവും

അന്ത്യകാലം സമീപസ്ഥമായിരിക്കുന്നു എന്ന ബോധ്യത്തിലാണ് ആദിമ സഭ ജീവിച്ചിരുന്നത്. അതുകൊണ്ട് പാപങ്ങൾക്ക് പരിഹാരം നേടി കർത്താവിനോട് ഐക്യപ്പെടുക എന്നത് പരമപ്രധാനമായി അവർ കരുതി. ഇതിന്റെ പശ്ചാത്തലത്തിലാണ് "സകലത്തിന്റെയും അവസാനം സമാഗതമായിരിക്കുന്നു; ആകയാൽ നിങ്ങൾക്ക് ഗാഢമായ പരസ്നേഹം ഉണ്ടായിരിക്കട്ടെ, കാരണം, സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു" എന്ന് അപ്പസ്തോല പ്രമുഖനായ പത്രോസ് പ്രബോധിപ്പിക്കുന്നത് (1 പത്രോ 4:7-8). അപ്പസ്തോലന്റെ ഈ പ്രബോധനം ക്രൈസ്തവ ധാർമ്മികതയിൽ ശ്രദ്ധിക്കുന്ന ആദ്യകാല രചനകൾ മുഴുവൻ ആവർത്തിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഏകദേശം അപ്പസ്തോലിക കാലത്തു തന്നെ രചിക്കപ്പെട്ട ഡിഡാക്കേ എന്ന പ്രബോധനം, "നിങ്ങൾക്ക് എന്തെങ്കിലുമുണ്ടെങ്കിൽ നിങ്ങളുടെ കരങ്ങൾ വഴിതന്നെ നിങ്ങളുടെ പാപങ്ങൾക്കുള്ള പരിഹാരം നല്കുവിൻ" (ഡിഡാക്കേ 4,8) എന്ന് പഠിപ്പിക്കുന്നു. ആദിമ സഭാപിതാക്കന്മാരായ റോമിലെ വി. ക്ലെമന്റ്, വി. പോളിക്കാർപ്പ്, ഹെർമാതസ്, അലക്സാണ്ട്രിയായിലെ വി. ക്ലെമന്റ്, ജ്ഞാനിയായ

www.malankaralibrary.com

ഒരിജൻ, കേസറിയായിലെ വി. എവുസേബിയൂസ്, വി. അത്തനാസിയോസ്, എന്നിവർ ഈ വചനം നേരിട്ടു തന്നെ ഉദ്ധരിച്ച് വിശകലനം നല്കിയിട്ടുണ്ട്. പടിഞ്ഞാറൻ പിതാക്കന്മാരിൽ വിശുദ്ധ അംബ്രോസിലും അഗസ്റ്റിനിലും ഈ പ്രബോധനം പ്രതിഫലിക്കുന്നു. അന്ത്യോഖ്യൻ വേദ വിശകലനത്തിലെ പ്രകാശസ്തംഭമായ വി. ജോൺ ക്രിസോസ്റ്റോം തന്റെ പ്രസംഗങ്ങളിൽ തുടർച്ചയായി ഈ ആശയം കൊണ്ടുവരുന്നുണ്ട്. സ്നേഹത്തിന്റെ ബലമുള്ള ചിറകുകളെപ്പറ്റി പറഞ്ഞുകൊണ്ട്, ദാനധർമ്മം എല്ലാ സ്വർഗ്ഗീയ തലങ്ങളെയും മറികടന്ന് ദൈവസിംഹാസനത്തിന്റെ അരികിലേക്ക് പ്രവേശിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. അവൾക്ക് (ദാനധർമ്മത്തിന്) ഉപരിയായി ഒരു ശക്തിയും ഇല്ല. അവൾ പാപങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന കടങ്ങൾ ഇല്ലാതാക്കുന്നു; അതിനുള്ള കടപത്രം അവളുടെ കയ്യിൽ ഉണ്ട്. കാരണം "ഈ എളിയവരിൽ ഒരാൾക്ക് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെ ചെയ്തു" എന്ന് അരുളിച്ചെയ്തത് കർത്താവാണ്. നമ്മുടെ നോമ്പിന്റെ പ്രാർത്ഥനകൾ ഈ പ്രബോധനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

"ദരിദ്രരോടു ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്" എന്ന സുഭാഷിത വചനവും (സുഭാ 19:17) പിതാക്കന്മാർക്ക് പ്രിയങ്കരമായിരുന്നു. പടിഞ്ഞാറ് വി. സിപ്രിയാനും വി. അഗസ്റ്റിനും മുതൽ കിഴക്ക് വി. ഗ്രിഗറി നസിയാൻസനും വി. ജോൺ ക്രിസോസ്റ്റവും ഒക്കെ ഈ ആശയം ഉപയോഗിക്കുന്നുണ്ട്. "ഈ എളിയവരിൽ ഒരാൾക്ക് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെ ചെയ്തു" എന്ന കർത്തൃവചനത്തോട് ചേർത്താണ് പിതാക്കന്മാർ ഇത് മനസ്സിലാക്കുക. കർത്താവിന് കടം കൊടുക്കുക എന്നത് നമ്മുടെ കടങ്ങൾക്ക് പരിഹാരമായ മുൻകരുതലായും, സമൃദ്ധമായ പ്രതിഫലം ഉറപ്പുള്ള നിക്ഷേപമായും പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. "ഒരു പാവപ്പെട്ടവൻ നിന്റെ ഭവനത്തിൽ പ്രവേശിക്കുമ്പോൾ, ദൈവം നിന്റെ ഭവനത്തിൽ പ്രവേശിക്കുന്നു; ദൈവം നിന്റെ ഭവനത്തിൽ വസിക്കുന്നു. നിന്റെ ശുശ്രൂഷകളിൽ നിന്ന് ശക്തിപ്രാപിച്ചവൻ നിന്റെ ക്ലേശങ്ങളിൽ നിന്ന് നിന്നെ വിടുവിക്കുന്നു; നീ അവന്റെ പാദങ്ങൾ കഴുകുമ്പോൾ അവൻ നിന്റെ പാപങ്ങൾ കഴുകിക്കളയുന്നു" എന്ന് സുറിയാനി സഭയുടെ പരിശുദ്ധ ഗായകൻ മാർ അപ്രേം പാടുന്നുണ്ട് (അനുതാപത്തെക്കുറിച്ചുള്ള പ്രഭാഷണ ഗീതം, 16).

മനുഷ്യന്റെ ചെയ്തികൾക്ക് പാപപരിഹാരം നേടാനുള്ള ശക്തി

www.malankaralibrary.com

യുണ്ടോ? ക്രിസ്തുവിന്റെ ബലി മാത്രമല്ലേ യഥാർത്ഥത്തിൽ പാപ പരിഹാരം നേടാനുള്ള വഴി? മാനുഷികമായ സൽക്കർമ്മങ്ങൾ നമ്മെ ക്രിസ്തുവിന്റെ ബലിയിൽ പങ്കുകാരാകാൻ യഥാർത്ഥത്തിൽ സഹായി ക്കുന്നു എന്ന് ദൈവവചനവും പിതാക്കന്മാരും നമ്മെ പഠിപ്പിക്കുന്നു. ഹെബ്രായ ലേഖകൻ നന്മ ചെയ്യുന്നതും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കു ന്നതും കർത്താവിനു സ്വീകാര്യമായ ബലിയാണ് എന്ന് വ്യക്തമാക്കുന്നു (ഹെബ്രാ 13:16). പലസ്തീനായിലെ പാവപ്പെട്ടവർക്കുള്ള സഹായം സ്വീകരിച്ചുകൊണ്ട് ഫിലിപ്പിയിലെ സഭയ്ക്ക് നന്ദി അറിയിക്കുമ്പോൾ വി. പൗലോസ് അവരുടെ ദാനധർമ്മത്തെ വിശേഷിപ്പിക്കുന്നത് ദൈവ ത്തിനു പ്രസാദമുള്ളതും സുരഭിലവും സ്വീകാര്യവുമായ ബലി (ഫിലി 4:18) എന്നാണ്.

ഇതിനുള്ള ദാർശനിക അടിത്തറ നല്കുന്നത് പ്രധാനമായും സ്വർണ്ണ നാവുകാരനായ മാർ ഈവാനിയോസ് ആണ്. കോറിന്തോസുകാർക്കു ള്ള രണ്ടാം ലേഖനം വ്യാഖ്യാനിച്ച് നല്കുന്ന പ്രഭാഷണത്തിൽ, അദ്ദേഹം പാവപ്പെട്ടവരുടെ ഉടലുകളെ ബലിപീഠമായി ചൂണ്ടിക്കാട്ടുന്നു. ബസാലേൽ പണിതതിനേക്കാൾ ശ്രേഷ്ഠമായ ബലിപീഠമാണത്. കാരണം അത് ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളാൽ പണിയപ്പെ ട്ടിരിക്കുന്നു. നിങ്ങൾ ഈ ബലിപീഠം അന്വേഷിച്ച് എങ്ങും പോകേണ്ട തില്ല, തെരുവോരങ്ങളിലും ചന്തസ്ഥലത്തും പോലും നിങ്ങൾക്ക് അത് കണ്ടെത്താൻ കഴിയും. പുരോഹിതൻ വി. കുർബാനമേൽ പരിശുദ്ധാത്മാ വിനെ ക്ഷണിച്ച് ഇറക്കുന്നത് തന്നെ ഓരോ പരസ്നേഹ പ്രവർത്തിയിലും സംഭവിക്കുന്നു: കാരണം, സ്നേഹം പോലെ ആത്മാവിനെ ഉജ്ജ്വലി പ്പിക്കുന്ന തൈലം മറ്റൊന്നില്ല. ഈ ബലിയർപ്പണം സ്വർഗ്ഗത്തിലേക്ക് കരേറുന്നു; കാരണം ഇത് സഹായം ലഭിക്കുന്നവരുടെ കൃതജ്ഞതാ സ്തോത്രത്തിൽ അവസാനിക്കുന്നു. അതുകൊണ്ട്, സാധുവായ ഒരു വിശ്വാ സിയേയോ, ഒരു ഭിക്ഷാടകനെയോ കാണുമ്പോൾ ഉത്സാഹത്തോടെ നന്മ ചെയ്തുകൊള്ളുക, കാരണം, അത് ദൈവം നിന്റെ പാപങ്ങളെ ദയവോടെ കാണാൻ ഇടയാക്കുന്നു (you will be able to have God propitious to you); വാഗ്ദാനം ചെയ്യപ്പെട്ട നന്മകൾ സ്വീകരിക്കുവാൻ വഴിയൊരുക്കുകയും ചെയ്യുന്നു. ഈ പ്രബോധനത്തിൽ അന്തർലീനമായ അടിസ്ഥാന വചനം ഈ എളിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് എന്ന കർതൃപ്രബോധനം ആണെന്നും വി. ക്രിസോസ്റ്റം വ്യക്തമാക്കുന്നുണ്ട്.

www.malankaralibrary.com

2. ഉപവി എന്ന മിശിഹാനുകരണം

ദൈവത്തിന്റെ സ്നേഹം നമ്മുക്ക് വെളിപ്പെട്ടത് തന്റെ പുത്രനായ യേശുമിശിഹായിലൂടെയാണ് എന്ന് നമ്മുക്കറിയാം. ഈ സത്യം വേദ പുസ്തകം നമ്മെ പഠിപ്പിക്കുന്നതെങ്ങനെയെന്ന് നാം മനസ്സിലാക്കു കയും ചെയ്തു. ലോകത്തിന്റെ രക്ഷയ്ക്കായി ദൈവം തന്റെ പുത്രനെ നല്കി, നമ്മെ രക്ഷിച്ചു എന്നതിലാണ് ദൈവസ്നേഹത്തിന്റെ പാ രമ്യം നാം കാണുന്നത്. പിതാവിന്റെ സ്നേഹം പുത്രൻ പൂർണ്ണമായി ഉൾക്കൊള്ളുകയും നമുക്ക് നല്കുകയും ചെയ്തു. നിന്റെ മരണത്താ ൽ ഞങ്ങളുടെ മരണം മാഞ്ഞു പോകുവാനായി നിന്റെ സ്നേഹം നി ന്റെ ഇടത്തിൽ നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു എന്ന് അനുദിന പ്രാർത്ഥനകളിൽ നാം ഏറ്റു ചൊല്ലുന്നു. സ്വയം വിട്ടുതന്ന് നമ്മെ സ്നേഹിക്കുന്ന ഈ സ്നേഹംതന്നെ അന്ത്യ അത്താഴവേളയിൽ നമുക്ക് മാതൃകയായി അവിടുന്ന് നിശ്ചയിക്കുകയും ചെയ്തു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ."

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവും പീഡാനുഭവവും മരണവും ഉത്ഥാനവുമെല്ലാം നമ്മുക്കുവേണ്ടി ആണ് എന്ന് വിശ്വാസ പ്രമാണത്തിന്റെ കേന്ദ്രഭാഗത്ത് നാം ഏറ്റുചൊല്ലുന്നു. അവിടുന്ന് നമു ക്കായി സ്വയം നല്കി. പിതാക്കന്മാർ ഈ സ്വയം ദാനത്തെ ക്രിസ്തീയ ധാർമ്മികതയുടെ മുഴുവൻ അടിസ്ഥാനമായി ഉയർത്തിക്കാട്ടുന്നു. "അയല്ക്കാരനെ ശുശ്രൂഷിക്കുക എന്നതിൽ അധികമായി ദൈവത്തോട് നമ്മെ അടുപ്പിക്കുന്ന, ക്രിസ്തുവിനെ അനുകരിക്കാൻ സഹായിക്കുന്ന മറ്റൊന്നും ഇല്ല" എന്ന് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പഠിപ്പിക്കുന്നു. ദൈവകരുണയെ അനുകരിക്കുക. ക്രിസ്തു നമുക്കു വേണ്ടി സ്വയം എങ്ങനെ താഴ്ത്തി എന്ന് ചിന്തിക്കുക. നാം അവന്റെ സമ്പത്തിൽ പങ്കുകാരാകുന്നതിനു വേണ്ടി അവൻ നമ്മുടെ ദാരിദ്ര്യം മനസ്സാ സ്വീകരിച്ചു. അതുകൊണ്ട് ആവശ്യത്തിലായിരിക്കുന്ന സഹോദ രന്റെ അരികിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന് ഒരിക്കലും മടിക്കരുത്. അങ്ങനെചെയ്യുമ്പോൾ നീ രക്ഷകന്റെ ശൂന്യവല്ക്കകരണത്തെ പിൻ പേറ്റുന്നു എന്ന് നസിയാൻസിലെ മാർ ഗ്രിഗോറിയോസ് വിശദീ കരിക്കുന്നു.

പരസ്നേഹത്തിന്റെ ഓരോ പ്രവൃത്തിയും നമ്മെ രക്ഷകന്റെ ബലിജീവിതം അനുകരിക്കാൻ സഹായിക്കുന്നുണ്ട്. വി. മാക്സ്മില്യൻ കോൾബെ സ്വന്ത ജീവിതം ബലിയർപ്പിച്ചത്, മരണത്തിനു വിധിക്കപ്പെട്ട

www.malankaralibrary.com

ഒരു തടവുകാരനു പകരമായി തന്നെത്തന്നെ വിട്ടുകൊടുത്തുകൊണ്ടാണ്. നമ്മുടെ സാധാരണ ജീവിതത്തിൽ അത്രത്തോളം തീക്ഷ്ണമായ അനുഭവങ്ങൾ നമ്മുക്ക് ഉണ്ടാകുന്നില്ല. പക്ഷേ, പരസ്നേഹം എപ്പോഴും വേദനയനുഭവിക്കുന്നവർക്ക് പകരം നമ്മെത്തന്നെ നല്കുവാൻ നമ്മെ പരിശീലിപ്പിക്കുന്നു. രോഗിയായിരിക്കുന്ന ഒരാളെ ശുശ്രൂഷിക്കുമ്പോൾ നാം അയാളുടെ വേദനകൾ പങ്കിട്ടെടുക്കുകയാണ്; കുറച്ചു നേരത്തേക്കെങ്കിലും അയാൾക്ക് പകരമാവുകയാണ്. സഹ പ്രവർത്തകനെ അയാളുടെ ഉത്തരവാദിത്തം നന്നായി ചെയ്യാൻ ഔദാര്യത്തോടെ സഹായിക്കുമ്പോൾ നാം അയാൾക്ക് പകരം നില്ക്കുകയാണ്. ഒരാളുടെ സാമ്പത്തിക ഭാരം പങ്കിട്ടെടുക്കുമ്പോൾ, അയാളുടെ ഞെരുക്കങ്ങളിൽ നാം തല്ക്കാലത്തേക്കെങ്കിലും പകരമാകുന്നു. ഓരോ നന്മ പ്രവർത്തിയിലും ബലിദാനമുണ്ട്; കുരിശിന്റെ നിഴലുമുണ്ട്.

3. പരസ്നേഹം നമ്മെ ദൈവ സദൃശ്യരാക്കുന്നു

നന്മയും കരുണയും പിതാവായ ദൈവത്തിന്റെ ഗുണങ്ങളായിട്ടാണ് വചനം നമ്മുക്ക് കാട്ടിത്തരുന്നത്. നന്മയും കരുണയും പങ്കുവയ്ക്കുമ്പോഴാണ് നാം ദൈവമക്കളായിത്തീരുന്നത് (ലൂക്കാ 6:27-36). നാം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ നമ്മുടെയുള്ളിലുള്ള ദൈവത്തിന്റെ ഛായയും സാദൃശ്യവും നവീകരിക്കപ്പെടുകയാണ്. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് ഇങ്ങനെ പഠിപ്പിക്കുന്നു: നന്മ പ്രവത്തിക്കുന്നതുപോലെ മറ്റൊന്നും മനുഷ്യനെ ദൈവപുത്രനു സദൃശ്യനാക്കുന്നില്ല. കരുണ ചെയ്യുന്നതു പോലെ മറ്റൊന്നും നമ്മിലുള്ള ദൈവിക സാദൃശ്യത്തെ പ്രകാശമാനമാക്കുന്നില്ല (ഒന്നാം കോരിന്ത്യ ലേഖന പ്രഭാഷണങ്ങൾ 8). മാർ ഗ്രിഗോറീയോസ് നസിയാന്സൻ പറയുക: "കരുണ ചെയ്തു കൊണ്ട് നീ പതിതന് ദൈവമായിത്തീരുക, കാരണം നന്മ പ്രവർത്തിക്കാനുള്ള കഴിവല്ലാതെ നിനക്കും ദൈവത്തിനും മധ്യേ പൊതുവായി ഒന്നുമില്ല" (പതിനാലാം പ്രഭാഷണം) എന്നാണ്.

ക്രിസ്തീയ വിശ്വാസിക്ക് ലഭിക്കുന്ന ഏറ്റവും വലിയ ഭാഗ്യം നാം ദൈവത്തെ പിതാവേ എന്ന് വിളിക്കുന്നു എന്നതാണ്. "കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും" (1 യോഹ 3:1). അപ്പന്റെ മുഖച്ഛായയുള്ള മക്കളായിത്തീരാനുള്ള മാർഗ്ഗമാണ് ക്രൈസ്തവന് പരസ്നേഹം. അതല്ലാതെ മറ്റൊരു വഴിയും

www.malankaralibrary.com

നിർദ്ദേശിക്കപ്പെട്ടിട്ടുമില്ല. "നമ്മുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു" (1 യോഹ 4:7).

IV. പ്രവർത്തിപഥത്തിലേക്ക് നീങ്ങുമ്പോൾ

ഉപവി ദൈവത്തിൽ നിന്ന് നാം സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന സ്നേഹമാണ്. അതുകൊണ്ടു തന്നെ ആഴമുള്ള ദൈവബന്ധത്തിൽ നിന്നു മാത്രമേ ഉപവി ജീവിക്കാൻ സാധിക്കുകയുള്ളൂ. വചനവർഷവും ആരാധനാക്രമ വർഷവും നമ്മുക്ക് നല്കിയിട്ടുള്ള ആത്മീയമായ ഒരുക്കം നന്ദിയോടെ ഓർക്കാം. വി. കുർബാനയാണ് ഒരു ക്രൈസ്തവന്റെ സ്നേഹ ജീവിതത്തിന്റെ കേന്ദ്രം. "നമ്മിലൂടെ തന്റെ ജോലി പൂർത്തിയാക്കുവാൻ വേണ്ടി ദൈവത്തിന്റെ നിർമ്മല സ്നേഹം (അഗാപ്പേ) അതിൽ ശരീരംകൊള്ളുന്നു" എന്ന് ബനഡിക്റ്റ് പതിനാറാമൻ പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു. നല്ല ആത്മീയ ഒരുക്കത്തോടെ വി. കുർബാന സ്വീകരിക്കുന്നതാണ് നമ്മുടെ ഉള്ളിലെ സ്നേഹജീവിതം നവീകരിക്കുന്നതിനുള്ള വഴി. 'The fruit of silence is prayer; the fruit of prayer is faith; the fruit of faith is love; the fruit of love is service.'

വൈരാഗ്യവും വെറുപ്പും വേർതിരിവുമാണ് ഉപവിയെ കെടുത്തിക്കളയുന്നത്. പരസ്പരമുള്ള ക്ഷമയിലും സംവാദത്തിലും അടിസ്ഥാനമുള്ള ബന്ധങ്ങൾ രൂപപ്പെടുത്തണം. പരസ്നേഹത്തിന്റെ ഏറ്റവും പ്രധാന പ്രകാശനമായി പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നത് ക്ഷമിക്കാനുള്ള കഴിവാണ്. ഹൃദയപൂർവമായ ക്ഷമയിലൂടെ ചുറ്റുമുള്ളവരോട് രമ്യപ്പെട്ടാൽ മാത്രമേ അഭിപ്രായവ്യത്യാസങ്ങൾ മറികടക്കുന്നതിനും ആവശ്യങ്ങളിൽ ഒരുമിച്ചു നില്ക്കുന്നതിനുമുള്ള മനസൊരുക്കം ഉണ്ടാവുകയുള്ളൂ.

പാവങ്ങളോട് അനുരൂപപ്പെടുന്നവർക്കാണ് അവരുടെ നന്മക്കായി സ്വയം പങ്കുവയ്ക്കാനാവുക. അതുകൊണ്ടുതന്നെ യഥാർത്ഥത്തിൽ ഉപവി ജീവിക്കുന്നതിന് ദാരിദ്ര്യാരൂപിയിലേക്ക് നാം പ്രവേശിക്കേണ്ടതുണ്ട്. ധൂർത്തും സുഖലോലുപതയും തുടർന്നുകൊണ്ട് ധാരാളമായ സമ്പത്തിൽ നിന്ന് ദാനം ചെയ്യുന്നത് മിക്കപ്പോഴും സാമൂഹ്യമായ ലാഭങ്ങൾക്ക് വേണ്ടിയുള്ള കപടത മാത്രമായിരിക്കും. അവനവന്റെ ഭൗതിക സുഖങ്ങൾ മറ്റൊരാൾക്ക് വേണ്ടി നഷ്ടപ്പെടുത്തുമ്പോഴാണ്

www.malankaralibrary.com

ഉപവിയുടെ ബലിപരമായ ആഴത്തിലേക്ക് നാം പ്രവേശിക്കുന്നത്. ആഴമുള്ള ജീവിതലാളിത്യവും ദൈവ പരിപാലനയിലുള്ള ആശ്രയവും മുറുകെപ്പിടിച്ച് പൊതുനന്മയ്ക്കായി സമ്പത്ത് വിനിയോഗിക്കുന്നതാണ് അനുഗ്രഹകരമായ പരസ്നേഹം.

ഉപവി-നീതി വർഷത്തിന്റെ സവിശേഷ നിർദ്ദേശമെന്ന നിലയിൽ ഇടവകയിലും കുടുംബങ്ങളിലും വരുന്ന ആഘോഷങ്ങളിൽ ആർഭാടം പരമാവധി ഒഴിവാക്കുന്നതിനും, നന്മ പ്രവർത്തനങ്ങൾക്കായി പണം മാറ്റിവയ്ക്കുന്നതിനുമുള്ള തീരുമാനമുണ്ടാകണം.

നീതിയിൽ അധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങൾ ഉപവിയിലേക്ക് പ്രവേശിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. പാവങ്ങൾക്കുള്ള ക്ഷേമപദ്ധതികളും സഹായങ്ങളും താല്കാലികം മാത്രമാണ്; വ്യക്തികളെന്ന നിലയിൽ ഓരോരുത്തരുടെയും അന്തസ്സനുസരിച്ച് ജീവിക്കാനുള്ള അവകാശങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നതു വരെ ലോകത്തിന്റെ പ്രശ്നങ്ങൾ അവസാനിക്കുകയില്ല എന്ന് ഫ്രാൻസിസ് മാർപാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട് (സുവിശേഷത്തിന്റെ സന്തോഷം 201). ശരിയായ ഉപവി പാവങ്ങളുടെയും വേദനയനുഭവിക്കുന്നവരുടെയും ശാക്തീകരണം ആയിരിക്കും ലക്ഷ്യം വയ്ക്കുക. അവരെ പരിരക്ഷിക്കുന്നതിനല്ല, സ്വതന്ത്രരായി ജീവിക്കാൻ സഹായിക്കുന്ന തരത്തിൽ പരിപോഷിപ്പിക്കുന്നതാണ് ഉപവി. വിദ്യാഭ്യാസവും അവകാശങ്ങളെ സംബന്ധിച്ച ബോധവല്ക്കരണവുമാണ് ഇതിലേക്കുള്ള പ്രധാന വഴികൾ. സ്ഥിതി സമത്വവും സാമൂഹ്യ നീതിയും ഉറപ്പുവരുത്തുന്ന പരിശ്രമങ്ങളിൽ പങ്കുചേരുന്നതിനും രാഷ്ട്രീയവും സാമൂഹ്യവുമായ നിലപാടുകൾ രൂപപ്പെടുത്തുന്നതിനും നമുക്ക് സാധിക്കണം. ഈ അർത്ഥത്തിലുള്ള രാഷ്ട്രീയ പങ്കാളിത്തം ഉപവിയുടെ ഭാഗം തന്നെയാണ്. ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് മാർപാപ്പാ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു ചിന്തയാണ് സാമൂഹ്യ ഉപവി. ഈ നിലയിൽ സാമൂഹ്യ ഉപവിയിലേക്ക് പ്രവേശിക്കുക എന്നാൽ നമ്മുടെ സമൂഹ ഘടനകളെ നവീകരിക്കാൻ സ്നേഹത്തെ അനുവദിക്കുക എന്നുകൂടിയാണ്.

കുടുംബവും ഇടവകയും പോലെ അടിസ്ഥാനപരമായ ഘടനകളിൽ തുടങ്ങി, സംഘടനകൾ, ശുശ്രൂഷാ രംഗങ്ങൾ, രൂപതകൾ ഇങ്ങനെ ക്രൈസ്തവർ ജീവിതം പങ്കുവയ്ക്കുന്ന എല്ലാ സാമൂഹ്യ ഘടകങ്ങളിലും ഉപവിയുടെയും നീതിയുടെയും ചൈതന്യം ഉണ്ടാകണം. കുടുംബങ്ങൾ പൊതുനന്മയ്ക്കായുള്ള പദ്ധതികളിൽ കൂടുതൽ പങ്കുചേരണം. അയൽ

www.malankaralibrary.com

ബന്ധങ്ങൾ നന്മയുള്ളതാക്കണം. ഇടവകകളും സംഘടനകളും വന്ധ്യമായ നിയമബദ്ധതയിൽ നിന്നും അനുഷ്ഠാന ബദ്ധതയിൽ നിന്നും സ്വാതന്ത്ര്യം നേടി, സ്നേഹത്തിന്റെ ഫലങ്ങൾ നിറയുന്ന ഇടങ്ങളായി മാറണം.

ക്രിസ്തീയ സമൂഹങ്ങൾ പരമ്പരാഗതമായ സേവനരംഗങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാലാനുസൃതവും പ്രായോഗികവുമായ രീതിയിൽ പുനർനിർവചിക്കുന്നതിനും ശ്രമിക്കണം. വിദ്യാഭ്യാസം, ആതുര സേവനം, വയോജന സംരക്ഷണം മുതലായ രംഗങ്ങളിൽ ഇക്കാല ത്ത് നമ്മുടെ സഭ ഗണ്യമായ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. ഈ സ്ഥാ പനങ്ങളുടെ നടത്തിപ്പ് കൂടുതൽ സുവിശേഷ ദർശങ്ങൾക്ക് കൂടുതൽ അനുരൂപമാക്കുന്നതിനും ഇക്കാര്യത്തിൽ വിശ്വാസികളുടെ സജീവ പങ്കാളിത്തം ഉണ്ടാകുന്നതിനും ശ്രദ്ധിക്കണം.

തിന്മയുടെ സ്വാധീനങ്ങൾ പുതിയ രൂപങ്ങളിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്ന കാലമാണ്. അടിമപ്പെടുത്തുന്ന പുതിയ ആസക്തി കൾ – മയക്കുമരുന്ന് മുതൽ മൊബൈൽ ഫോൺ അഡിക്ഷൻ വരെ യുവതലമുറയെ കീഴ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇവയ്ക്കെതിരായ കർമ്മപദ്ധതികളും സാമൂഹ്യമായ ഉപവിയുടെ ഭാഗമാണ്. ഇവയും കുടിയേറ്റം മൂലമുണ്ടാകുന്ന കുടുംബശൈഥില്യം, ഏകാന്തത, പുതിയ ജോലി സാഹചര്യങ്ങളിൽ നിന്നും പ്രൊഫഷണൽ മത്സരങ്ങളിൽ നിന്നു മുള്ള മാനസിക സമ്മർദ്ദം മുതലായ പുതിയ സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പുതിയ സേവന രംഗങ്ങൾ രൂപപ്പെടുത്തുന്നതിന് ആലോചനയുണ്ടാകണം.

സാമൂഹ്യമായി ജീവിക്കുന്ന മൂല്യങ്ങളാണെങ്കിലും ഉപവിയും നീതിയും വ്യക്തിയുടെ ഉള്ളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. സ്വയം സ് നേഹത്തിന്റെ വഴിയിലേക്ക് കൂടുതലായി തിരിയുവാനും പുരോഗമിക്കു വാനുമുള്ള തീരുമാനങ്ങൾ വ്യക്തികളായി കൈക്കൊള്ളാൻ സാധിക്ക ണം. വ്യക്തിവാദത്തിന്റെയും സ്വാർത്ഥ സുഖങ്ങളുടെയും തടവറകളി ൽ നിന്ന് പുറത്തിറങ്ങി സഹോദരങ്ങളോട് മാംസത്തിലും രക്തത്തി ലും സംസർഗം ചെയ്യാനുള്ള തീരുമാനമെടുക്കുക എന്നത് ഇന്ന് ശ്രമകര മായ ഒരു കാര്യമാണ്. അത്തരത്തിൽ പരസ്നേഹത്തിലേക്ക് തുടർച്ചയായ മാനസാന്തരം, നിരന്തരവും വർദ്ധമാനവുമായ വളർച്ച, ഉൾക്കൊള്ളുന്ന ഒരു ആത്മീയ നവീകരണ പദ്ധതി രൂപപ്പെടുത്തണം.

www.malankaralibrary.com

താത്വികമായ ചർച്ചകളിലും സമ്മേളനങ്ങളിലും ഒതുങ്ങാത്ത പ്രായോഗിക കർമ്മ പദ്ധതികളിലേക്കാണ് ഉപവി നമ്മെ ക്ഷണിക്കുന്നത്. ഉപവിയെന്നാൽ നാം സ്വയം പങ്കുവയ്ക്കുക എന്നാണ്: നമ്മുടെ ധനം, നമ്മുടെ സമയം, ദൈവം നമുക്ക് കരുണയോടെ തന്നിട്ടുള്ള മറ്റു നന്മകൾ ഇവയെല്ലാം സഹജീവികളുടെ നന്മയ്ക്കും സന്തോഷത്തിനുമായി പങ്കുവയ്ക്കുക. അതുകൊണ്ട് ഓരോ ജീവിതത്തിൽ നിന്നും എന്തെങ്കിലും യഥാർത്ഥത്തിൽ മാറ്റിവയ്ക്കാവുന്ന പ്രവർത്തന, സമർപ്പണ പദ്ധതികൾ വ്യക്തികളായും, കുടുംബങ്ങളായും, ഇടവകകളായും, സംഘടനകളായും, രൂപതകളായും രൂപീകരിക്കണം. സമയബദ്ധമായി ഓരോ തലത്തിലും വിലയിരുത്തലും ആത്മപരിശോധനയും പുനർ സമർപ്പണവും നടത്തുന്നതിന് ശ്രദ്ധയുണ്ടാവണം.

കർമ്മപദ്ധതി എന്നാൽ വൻകാര്യങ്ങളാണെന്ന തെറ്റിദ്ധാരണ ഒഴിവാക്കണം. വ്യക്തികളെന്ന നിലയിലും കൂട്ടായ്മ എന്ന നിലയിലും ഉചിതവും പ്രസക്തവുമായ കാര്യങ്ങളിലേക്ക്, ചെറുതും വലുതും എന്ന വ്യത്യാസമില്ലാതെ, ശ്രദ്ധിക്കാൻ സാധിക്കണം. പദ്ധതികൾ നടപ്പാക്കുന്നതിൽ പ്രകടനപരതയും അമിതച്ചെലവും ഒഴിവാക്കണം. പ്രാദേശികമായി ചെയ്യേണ്ടുന്ന കാര്യങ്ങൾ പ്രാദേശികമായി ചെയ്യാനും വ്യക്തിപരമായ കാര്യങ്ങൾ സ്വകാര്യതയിൽ ചെയ്യാനും പരമാവധി ശ്രമിക്കണം. രോഗീ സന്ദർശനം, പൊതുനന്മയ്ക്കായുള്ള പ്രാദേശിക കൂടിവരവുകൾ, സ്വയം സന്നദ്ധ സേവന രംഗങ്ങൾ മുതലായവ പ്രോൽസാഹിപ്പിക്കണം. പ്രത്യേകിച്ചും ഇടവക സമൂഹങ്ങൾ അവയുടെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾക്കനുസരിച്ച് പ്രാദേശികമായ സേവന പദ്ധതികൾ രൂപപ്പെടുത്തി നടപ്പാക്കണം.

നാം ഇത് മാനസാന്തരത്തിന്റെ ഒരു നിമിഷമായാണ് കാണുന്നത്: ഉപവിയിലേക്കും നീതിയിലേക്കുമുള്ള മാനസാന്തരം. സ്നേഹത്തിന്റെ സംസ്കാരം കൂടുതൽ ബലപ്പെടുത്തുക എന്നതാണ് ഈ വർഷാചരണത്തിന്റെ ഉദ്ദേശ്യം. ആരംഭിക്കുന്ന ഒരു നന്മയും ഒരുവർഷത്തേക്ക് പരിമിതപ്പെടുത്താനുള്ളതല്ല. ഉപവിയുടെ മാതൃകകളായാണ് നാം ഈ വർഷത്തെ സവിശേഷ പദ്ധതികളെ കാണുന്നത്. സമർപ്പണത്തിന്റെ കൂടുതൽ അവസരങ്ങൾ ഭാവിയിൽ കണ്ടെത്തുന്നതിന്, അവയിൽ ഔദാര്യപൂർവം ഒരുമിച്ചുനടക്കുന്നതിന് സാധ്യതകൾ തുറന്നിടുന്നതാവണം ഓരോ ഇടവകയും കൂട്ടായ്മയും രൂപപ്പെടുത്തുന്ന കർമ്മപദ്ധതി.

www.malankaralibrary.com

അദ്ധ്യായം 4

പ്രവർത്തന രേഖ (Instrumentum Laboris)

ആമുഖം

വചനവർഷവും ആരാധനക്രമ വർഷവും 2024 സെപ്തംബർ 20 മുതൽ 2026 സെപ്തംബർ 19 വരെ മലങ്കര സുറിയാനി കത്തോലിക്കാ സഭ ആചരിച്ചു. 2026 സെപ്തംബർ 20 മുതൽ 27 സെപ്തംബർ 10 വരെ ഉപവി-നീതി വർഷം നാം ആചരിക്കുകയാണ്. അറിഞ്ഞ വിശ്വാസം; ആഘോഷിക്കപ്പെടുന്ന വിശ്വാസം; ജീവകാരുണ്യ പ്രവർത്തിയിലൂടെ ജീവിക്കപ്പെടുന്ന വിശ്വാസ സാക്ഷ്യമായി മാറേണ്ടിയിരിക്കുന്നു. വി. ലിഖിതത്തിലൂടെയും വി. ആരാധനയിലൂടെയും നാം യേശുവിനെ അറിയുകയും ആരാധിക്കുകയും ചെയ്തു. നമ്മുടെ ഉള്ളിലേക്ക് കടന്നു വന്ന യേശു സ്നേഹമായി, കാരുണ്യമായി മറ്റുള്ളവർക്ക് അനുഭവമായിത്തീരുക എന്നതാണ് ഉപവി-നീതി വർഷത്തിലൂടെ നാം ലക്ഷ്യം വയ്ക്കുക. ഉപവി-നീതി വർഷത്തിലെ പ്രധാന പ്രവർത്തനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളുമാണ് ഇവിടെ ചർച്ചചെയ്യുക.

ദർശനം

ക്രിസ്തുവിന്റെ സ്നേഹത്തിലും കരുണയിലും വളർന്ന്, ദരിദ്രരിലും ദുരിതമനുഭവിക്കുന്നവരിലും, നിരാലംബരിലും ക്രിസ്തുവിനെ തിരിച്ചറിഞ്ഞ്, സ്നേഹത്തോടും കരുണയോടും കൂടി അവരെ ശുശ്രൂഷിക്കുകയും സേവനത്തിലൂടെ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന നവീകരിക്കപ്പെട്ട സീറോ- മലങ്കര കത്തോലിക്കാ സഭയെ രൂപപ്പെടുത്തുക.

ആപ്തവാക്യം

യേശു പറഞ്ഞു: "**നീയും പോയി അതുപോലെ ചെയ്യുക**" (ലൂക്കാ 10:37).

കാലയളവ്

2026 സെപ്റ്റംബർ 20 – 2027 സെപ്റ്റംബർ 19

ഉപവി നീതി വർഷം ക്രൈസ്തവ സ്നേഹത്തിലും കരുണയിലും വിശ്വാസികളെ നവീകരിക്കുകയും, നല്ല സമരിയാക്കാരന്റെ മാതൃ

www.malankaralibrary.com

കയിൽ ആത്മീയവും ശാരീരികവുമായ കരുണാപ്രവൃത്തികൾ ജീവിതത്തിൽ ആചരിക്കാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ഓരോ ഇടവകയും ക്രിസ്തുവിന്റെ കരുണാസ്നേഹത്തിന്റെ സജീവ സാക്ഷിയായി മാറുകയാണ് ലക്ഷ്യം.

പ്രധാന കർമ്മ പദ്ധതികൾ

1. ഉപവി നീതി വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം

2026 സെപ്റ്റംബർ 19 – സഭാതല ഉദ്ഘാടനം.

2026 സെപ്റ്റംബർ 27 – എല്ലാ ഇടവകകളിലും വിശുദ്ധ കുർബാനയോടനുബന്ധിച്ച് ഉദ്ഘാടനം.

2. ഉപവി നീതി വർഷത്തിന്റെ ബോധവൽക്കരണ ക്ലാസുകൾ

ക്രിസ്തീയ ഉപവിയെയും നീതിയെയും കുറിച്ച് തിരുവചനത്തിന്റെയും സഭയുടെ പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ ബോധവൽക്കരണ ക്ലാസുകൾ സഭയുടെ എല്ലാ തലങ്ങളിലും നൽകുക.

2.1. വൈദികർ, സന്യാസവൈദികർ, സന്യാസിനികൾ എന്നിവർക്കുള്ള ബോധവൽക്കരണ ക്ലാസുകൾ

ക്രൈസ്തവ ജീവകാരുണ്യം, സാമൂഹിക പ്രബോധനം, കരുണാപ്രവൃത്തികൾ, സാമൂഹിക ശുശ്രൂഷ എന്നിവയിൽ പ്രത്യേക രൂപീകരണം നൽകുക.

2.2. സഭാതലം: സിനഡൽ കമ്മീഷൻ അംഗങ്ങൾക്കും സഭാതല നേതൃതത്തിലുള്ളവർക്കുമുള്ള ബോധവൽക്കരണ ക്ലാസുകൾ.

പ്രധാന വിഷയങ്ങൾ: ക്രൈസ്തവ ജീവകാരുണ്യം, സാമൂഹിക പ്രബോധനങ്ങൾ, കരുണാപ്രവൃത്തികൾ, സന്നദ്ധസേവന നേതൃത്വം, നല്ല സമരിയാക്കാരൻ കൂട്ടായ്മകൾ.

2.3. ഭദ്രാസനതലം: ഭദ്രാസന നേതൃത്വത്തിലുള്ളവർക്കുള്ള ബോധവൽക്കരണ ക്ലാസുകൾ.

2.4. വൈദിക ജില്ല / മേഖലാതല പരിശീലനം : വൈദിക ജില്ല / മേഖലാതല നേതൃത്വത്തിലുള്ളവർക്കുള്ള ബോധവൽക്കരണ ക്ലാസുകൾ. ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കേണ്ടവർ :

മതബോധന പ്രതിനിധി

MCYM പ്രതിനിധി

www.malankaralibrary.com

MCA പ്രതിനിധി
MCMF പ്രതിനിധി
St. Vincent De Paul Society പ്രതിനിധി

3. ഇടവകതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

3.1. ബോധവൽക്കരണ ക്ലാസുകൾ

ഉപവി-നീതി വർഷാചരണത്തോടനുബന്ധിച്ച് ക്രമീകരിച്ചിരിക്കുന്ന ബോധവൽക്കരണ ക്ലാസുകൾ ഇടവക തലത്തിൽ എല്ലാ ഇടവകാംഗങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം, MCYM, MCMF, MCA എന്നീ സഭാതല പ്രേഷിത വേദികളിലെയും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലെയും അംഗങ്ങൾക്ക് പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ ഇടവകതലത്തിൽ സംഘടിപ്പിക്കുന്നതിനും, ബന്ധപ്പെട്ട സംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

ജില്ലാതലത്തിൽ ഉപവി-നീതി വർഷാചരണത്തോടനുബന്ധിച്ച് ക്രമീകരിക്കുന്ന പരിശീലന പരിപാടികളിൽ ഇടവക പ്രതിനിധികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

3.2. ഇടവകതല സാമൂഹിക സർവ്വേയും ജീവകാരുണ്യ ശുശ്രൂഷയും

സഹായം ആവശ്യമുള്ള വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തുന്നതിനായി ഓരോ ഇടവകയും സാമൂഹിക സർവ്വേ നടത്തണം. ഭവനരഹിതർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, കിടപ്പുരോഗികൾ, ദീർഘകാല രോഗികൾ, ഒറ്റയ്ക്കു കഴിയുന്ന വയോജനങ്ങൾ, മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾ, വിദ്യാഭ്യാസ സഹായം ആവശ്യമുള്ളവർ, തൊഴിൽരഹിതരായ യുവജനങ്ങൾ എന്നിവർക്കു പ്രത്യേക ശ്രദ്ധ നൽകുക. ഓരോ ഇടവകയും തങ്ങളുടെ ഇടവകയിൽ സർവ്വേ നടത്തണം. സർവ്വേ റിപ്പോർട്ടിന്റെ കോപ്പി ജില്ലാതലത്തിലും ഭദ്രാസനകേന്ദ്രത്തിലും എത്തിക്കേണ്ടതാണ്.

3.3. മലങ്കര ഗുഡ് സമരിറ്റൻ ടീം (MGST)

ഓരോ ഇടവകയിലും മലങ്കര ഗുഡ് സമരിറ്റൻ ടീം (Malankara

www.malankaralibrary.com

Good Samaritan Team – MGST) രൂപീകരിച്ച് ഇടവകയിലെ ഉപവിനീതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ബഹു. ഇടവക വികാരി (കൺവീനർ), ഇടവക ട്രസ്റ്റി, സെക്രട്ടറി, പൊതുയോഗം തെരഞ്ഞെടുക്കുന്ന മൂന്ന് പ്രതിനിധികൾ (അതിൽ ഒരാളെങ്കിലും വനിത ആയിരിക്കണം), ഇടവകയിലെ MCYM, MCMF, MCA പ്രസിഡന്റുമാർ, വിൻസെന്റ് ഡി പോൾ ഇടവകയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അതിന്റ പ്രസിഡന്റ് എന്നിവരടങ്ങുന്നതായിരിക്കും മലങ്കര ഗുഡ് സമരിറ്റൻ ഇടവക പ്രവർത്തക സമിതി (Good Samiratan Working Committee). പ്രവർത്തക സമിതിയിൽ നിന്നും സമിതി അംഗങ്ങൾ സെക്രട്ടറി, ട്രഷറർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക MGST എന്ന പ്രത്യേക ഹെഡിൽ ഇടവകയുടെ പൊതു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും, വരവ്-ചെലവ് കണക്കുകൾ പ്രത്യേകം രേഖപ്പെടുത്തി സുതാര്യമായി സൂക്ഷിക്കുകയും വേണം. സഹായം ആവശ്യമുള്ളവരെ കണ്ടെത്തി അനുഗമിക്കുക, രോഗികളെയും വയോജനങ്ങളെയും ഭിന്നശേഷിക്കാരെയും ഒറ്റയ്ക്കു കഴിയുന്നവരെയും സന്ദർശിക്കുക, ഭക്ഷണം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം, ഭവനം തുടങ്ങിയ സഹായങ്ങൾ ഏകോപിപ്പിക്കുക എന്നിവ MGSTയുടെ പ്രധാന ഉത്തരവാദിത്തമായിരിക്കും.

മലങ്കര ഗുഡ് സമരിറ്റൻ കൂട്ടായ്മയുടെ പ്രധാന പ്രവർത്തനങ്ങൾ

ഓരോ ഇടവകയും തങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം:

1. **എല്ലാവർക്കും വിദ്യാഭ്യാസം**: സാമ്പത്തിക ബുദ്ധിമുട്ട് കാരണം കുട്ടികളുടെ പഠനം മുടങ്ങാതിരിക്കാൻ പഠനഫീസ്, പഠനോപകരണങ്ങൾ, ഉന്നതവിദ്യാഭ്യാസം, തൊഴിൽപരിശീലനം എന്നിവയിൽ സഹായം നൽകുക.

2. **ഭവനമില്ലാത്തവർക്ക് ഭവനം**: പുനരൈക്യ ശതാബ്ദി ആഘോഷത്തിനു മുമ്പായി നമ്മുടെ സഭയിൽ ഭവനമില്ലാത്ത എല്ലാവർക്കും സ്വന്തമായി ഒരു ഭവനം ഉണ്ടാകണമെന്നത് നമ്മുടെ ആഗ്രഹവും പദ്ധതിയുമാണ്. എല്ലാ ഇടവകകളിലും ഈ വിഷയത്തിൽ സർവ്വേ നടത്തി ക്ലിപ്തത വരുത്തേണ്ടതാണ്. ഈ സർവ്വേ ഇടവകയിലും

www.malankaralibrary.com

ജില്ലാകേന്ദ്രത്തിലും സൂക്ഷിക്കേണ്ടതും ഒരു കോപ്പി ഭദ്രാസനകേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്. സർക്കാരിന്റെയും സർക്കാരിതര ഏജൻസികളുടെയും സുമനസുകളുടെയും സഹായത്തോടെ വീടില്ലാത്തവർക്ക് വാസയോഗ്യമായ ഭവനം നൽകുന്നതിന്, ഗുഡ് സമരിറ്റൻ ടീം പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

3. **ആതുരശുശ്രൂഷയും രോഗീപരിചരണവും**: ചികിത്സയ്ക്കും മരുന്നിനും ബുദ്ധിമുട്ടുന്ന രോഗികൾക്ക് സാമ്പത്തികവും പ്രായോഗികവുമായ സഹായം നൽകുകയും ആശുപത്രികളിലും വീടുകളിലും കഴിയുന്ന രോഗികളെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും സഭാകൂട്ടായ്മ അനുഭവം നൽകുകയും ചെയ്യണം.

4. **വിശപ്പിന് പരിഹാരം**: ഭക്ഷണത്തിന് ബുദ്ധിമുട്ടുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും ഭക്ഷണപ്പൊതികളും ഭക്ഷ്യവസ്തുക്കളും സമയബന്ധിതമായി എത്തിക്കുക.

5. **ഭവനപരിചരണവും കിടപ്പുരോഗി സംരക്ഷണവും**: ഒറ്റപ്പെട്ട വൃദ്ധജനങ്ങളെയും കിടപ്പുരോഗികളെയും കണ്ടെത്തി ആവശ്യമായ പരിചരണവും അനുധാവനവും നൽകുക.

6. **ഭിന്നശേഷിക്കാർക്ക് പിന്തുണ:** ചികിത്സ, വിദ്യാഭ്യാസം, ഉപജീവനം, സഹായ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ ആവശ്യമായ സഹായം ലഭ്യമാക്കുക.

7. **വിധവകൾക്കും വിഭാര്യർക്കും അനുധാവനം**: ആത്മീയവും മാനസികവും സാമൂഹികവുമായ പിന്തുണ നൽകുകയും പ്രാർത്ഥനാസംഗമങ്ങളിലും ഇടവകയുടെ വിവിധ ശുശ്രൂഷകളിലും അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

4. ജീവകാരുണ്യപ്പെട്ടി (Charity Box)

ഓരോ ഇടവകയുടെയും സാഹചര്യവും ആവശ്യവുമനുസരിച്ച്, വിശ്വാസികൾക്ക് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി ദശാംശവും സംഭാവനയും നൽകുന്നതിന് ജീവകാരുണ്യപ്പെട്ടി (Charity Box) ദൈവാലയത്തിൽ വയ്ക്കാവുന്നതാണ്. ഗുഡ് സമരിറ്റൻ പ്രവർത്തനങ്ങൾക്കു മാത്രമേ ഈ ഇനത്തിൽ കിട്ടുന്ന തുക ഉപയോഗിക്കാവൂ. ആറു മാസത്തിലൊരിക്കൽ വരവു-ചെലവ് കണക്ക് ഇടവകയിൽ പൊതുവായി

www.malankaralibrary.com

അറിയിക്കേണ്ടതുമാണ്. ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം സ്വീകരിക്കുകയും നൽകുകയും ചെയ്യുന്ന സ്ഥിര സംവിധാനമായി ഈ ക്രമീകരണത്തെ ഭാവിയിലും പ്രയോജനപ്പെടുത്താവുന്നതാണ്. ഇടവകയ്ക്കാണ് ഇതിന്റെ ഉത്തരവാദിത്തം.

5. ഉപയോഗരഹിതമായ വീടുകൾ/സ്ഥാപനങ്ങൾ

ഇടവകാംഗങ്ങളുടെ, ഇടവകാതിർത്തിയിൽ, ഉപയോഗപ്പെടുത്താതെ കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഉടമസ്ഥന്റെ അനുവാദത്തോടുകൂടി സമൂഹ നന്മയ്ക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ള ആലോചനയ്ക്കും തീരുമാനത്തിനും ഗുഡ് സമരിറ്റൻ പ്രവർത്തക സമിതി നേതൃത്വം നൽകണം.

6. വയോജന കൂട്ടായ്മ (Senior Citizen Fellowship)

ഓരോ ഇടവകയിലും വയോജനങ്ങളുടെ ആത്മീയവും സാമൂഹികവും മാനസികവുമായ ക്ഷേമം ലക്ഷ്യമാക്കി വയോജന കൂട്ടായ്മ രൂപീകരിക്കുക. വയോജനങ്ങളെ കുടുംബത്തിലും ഇടവക സമൂഹത്തിലും സജീവമായി പങ്കാളികളാക്കുകയും, അവരുടെ അനുഭവങ്ങളും കഴിവുകളും സഭയുടെ ശുശ്രൂഷയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

അതോടൊപ്പം, നമ്മുടെ പൊതു വീടായ ഭൂമിയുടെ സംരക്ഷണവും സഭയുടെ ഉത്തരവാദിത്തമാണ്. ജലസംരക്ഷണം, വൃക്ഷത്തൈ നടീൽ, മാലിന്യസംസ്കരണം, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ, ഊർജ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഓരോ ഇടവകയും ഹരിത ഇടവകയായി മാറാൻ ശ്രമിക്കണം. ആരോഗ്യകരമായ ജീവിതശൈലി, ലഹരിവിരുദ്ധ പ്രവർത്തനം, വയോജന ഭിന്നശേഷി പരിചരണം, രക്തദാനവും അവയവദാനവും, സർക്കാർ ക്ഷേമപദ്ധതികൾ, കുടുംബ മൂല്യങ്ങൾ, സാമൂഹിക ഉത്തരവാദിത്തം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക. ഇടവകയുടെ വസ്തുവകകൾ ഗുണപരമായി ഉപയോഗിക്കുന്നതിനും കൃഷി ചെയ്യുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും ഇടവക കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

www.malankaralibrary.com

7. കുടുംബ ജീവകാരുണ്യ ശുശ്രൂഷ

കുടുംബസന്ദർശനവും അനുഗമനവും : വികാരിയച്ചനും പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരും കുടുംബങ്ങളെ സന്ദർശിച്ച് പ്രാർത്ഥന, ആത്മീയ പിന്തുണ, ജീവകാരുണ്യ പ്രവർത്തനം എന്നിവയിലേക്ക് കുടുംബങ്ങളെ നയിക്കുക.

പ്രധാന പ്രവർത്തനങ്ങൾ:

- ഒരു നിർധന കുടുംബത്തെ വർഷത്തിൽ സഹായിക്കുക.
- രോഗികളെയും വയോജനങ്ങളെയും സന്ദർശിക്കുക.
- ഇടവക ജീവകാരുണ്യ നിധിയിലേക്ക് സംഭാവന നൽകുക.
- ഭക്ഷണം, വസ്ത്രം, മരുന്ന്, പഠനോപകരണങ്ങൾ എന്നിവ പങ്കുവയ്ക്കുക.
- കുടുംബമായി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക.
- കുട്ടികളിൽ കരുണയും സേവനമനോഭാവവും വളർത്തുക.

8. സാമൂഹികവും ജീവകാരുണ്യപരവുമായ സംരംഭങ്ങൾ

- Food Basket Programme നിർധന കുടുംബങ്ങൾക്ക് സ്ഥിരമായ ഭക്ഷ്യസഹായം.
- അനാഥാലയ/വയോജനഭവന സന്ദർശനം.
- തിരുനാൾ ഭക്ഷ്യവിതരണം.
- രക്തദാനവും മെഡിക്കൽ ക്യാമ്പുകളും.
- ആവശ്യമായിടത്ത് ഭവനം, ഉപജീവനം, വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്കുള്ള ദീർഘകാല സഹായം.

9. ഉപവി നീതി പഠനങ്ങൾ

മലങ്കര കാത്തലിക്ക് ടി.വി.യും മറ്റ് ഡിജിറ്റൽ മാധ്യമങ്ങളും ഉപയോഗിച്ച് ഉപവി നീതി സഭാ പ്രബോധനങ്ങൾ പങ്കുവെക്കുക.

വിഷയങ്ങൾ: ജീവകാരുണ്യത്തിന്റെ ബൈബിൾ അടിത്തറ, സാമൂഹിക പ്രബോധനം, കരുണാപ്രവൃത്തികൾ, മനുഷ്യാന്തസ്സ്, ദരിദ്രരോടുള്ള സഭയുടെ മുൻഗണന, സന്നദ്ധസേവനം, കുടുംബ ജീവകാരുണ്യം, സൃഷ്ടിസംരക്ഷണം, നല്ല സമരിയാക്കാരൻ കൂട്ടായ്മ.

www.malankaralibrary.com

10. ആരോഗ്യസാമൂഹിക ബോധവത്കരണം

ഇടവകകളിലും സഭാസ്ഥാപനങ്ങളിലും താഴെപ്പറയുന്ന വിഷയങ്ങളിൽ ബോധവത്കരണം നടത്തുക.

- ലഹരിവിരുദ്ധ പ്രവർത്തനം
- ആരോഗ്യകരമായ ജീവിതശൈലി
- മാനസികാരോഗ്യം
- വയോജന ഭിന്നശേഷി പരിചരണം
- രക്തദാനവും അവയവദാനവും
- സർക്കാർ ക്ഷേമ ആരോഗ്യ പദ്ധതികൾ
- കുടുംബമൂല്യങ്ങളും സാമൂഹിക ഉത്തരവാദിത്തവും

11. പരിസ്ഥിതി സംരക്ഷണം

- ഹരിത ഇടവകയും ഹരിത സ്ഥാപനങ്ങളും
- മഴവെള്ള സംഭരണവും ജലസംരക്ഷണവും.
- സൗരോർജ്ജവും ഊർജ്ജസംരക്ഷണവും.
- വൃക്ഷത്തൈ നടീൽ.
- പൊതുഗതാഗതം, കാർപൂളിംഗ്, സൈക്കിൾ, നടത്തം എന്നിവ പ്രോത്സാഹിപ്പിക്കുക.
- മാലിന്യ വേർതിരിക്കൽ, പുനരുപയോഗം, കമ്പോസ്റ്റിംഗ്.
- ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുറയ്ക്കുക.
- Plastic-Free Campus നടപ്പാക്കുക.

ഉപസംഹാരം

ഉപവി നീതി വർഷം വിശ്വാസത്തെ കരുണാപൂർണമായ സേവനമായി മാറ്റുന്നതിനുള്ള ഒരു ആത്മീയഅജപാലന യാത്രയാണ്. രൂപീകരണം, കുടുംബപങ്കാളിത്തം, നല്ല സമരിയാക്കാരൻ കൂട്ടായ്മകൾ, സാമൂഹിക സർവേ, ജീവകാരുണ്യ ശുശ്രൂഷകൾ, യുവജന സന്നദ്ധസേവനം, പരിസ്ഥിതി സംരക്ഷണം എന്നിവയിലൂടെ ഓരോ ഇടവകയും ക്രിസ്തു

www.malankaralibrary.com

വിന്റെ കരുണാസ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷിയായി മാറുകയാണ് ലക്ഷ്യം. “നീയും പോയി അതുപോലെ ചെയ്യുക” (ലൂക്കാ 10:37). എന്ന വചനം ജീവിതത്തിൽ സാക്ഷാത്കരിച്ച്, 2030-ലെ പുനരൈക്യ ശതാബ്ദിയിലേക്കുള്ള സഭയുടെ യാത്രയിൽ ഉപവി വർഷം ആത്മീയവും അജപാലനപരവുമായ നവീകരണത്തിന് ശക്തമായ അടിത്തറയാകട്ടെ.

www.malankaralibrary.com

പ്രായോഗിക നിർദ്ദേശങ്ങൾ

1. എല്ലാ ഭദ്രാസനങ്ങളിലും ഉപവിയുടെയും നീതിയുടെയും വർഷത്തിന്റെ ഭദ്രാസനതല ഏകോപനത്തിനായി ഒരു ഡയറക്ടറെ നിയമിക്കുക. ഭദ്രാസനത്തിലെ സാമൂഹ്യക്ഷേമ വിഭാഗത്തിന്റെ ഡയറക്ടർ ഉപവി-നീതി വർഷത്തിന്റെ ഡയറക്ടറോട് ചേർന്ന് പ്രവർത്തിക്കേണ്ടതാണ്.
2. എല്ലാ വൈദികജില്ലകളിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ജില്ലാതല ഡയറക്ടർമാരെ നിയമിക്കുക.
3. ഉപവിയുടെയും നീതിയുടെയും വർഷം 20 സെപ്റ്റംബർ 2026 മുതൽ 19 സെപ്റ്റംബർ 2027 വരെ ആയതിനാൽ, ഈ കാലഘട്ടത്തിൽ ഉത്തരവാദിത്വത്തിലിരിക്കുന്ന ഭദ്രാസന ജില്ലാതല ഡയറക്ടർമാരെ സാധ്യമായിടത്തോളം തൽസ്ഥാനങ്ങളിൽ തുടരാൻ അനുവദിക്കുന്നത് ഉചിതമാണ്.
4. എല്ലാ വൈദികജില്ലകളിൽ നിന്നും ഒരു സന്യാസിനിയെയും ഒരു അത്മായ പ്രതിനിധിയെയും തെരഞ്ഞെടുക്കുകയും, പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും ഏകോപനത്തിലും നിർവഹണത്തിലും അവരെ പങ്കാളികളാക്കുകയും ചെയ്യുക.
5. ഉപവിയുടെയും നീതിയുടെയും വർഷത്തിന്റെ ഔദ്യോഗിക ലോഗോ ക്രമീകരിക്കുക. എല്ലാ ഇടവകകളിലും ലോഗോ ഉൾക്കൊള്ളുന്ന ബാനർ പള്ളിക്കുള്ളിൽ കൃത്യമായും ദൃശ്യമായും സ്ഥാപിക്കുക.
6. ഉപവിയുടെയും നീതിയുടെയും വർഷത്തിന്റെ സന്ദേശവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ജനങ്ങളിലെത്തിക്കുന്നതിനായി പഠന സഹായികൾ, ലഘുലേഖകൾ, ബോധവത്കരണ സാമഗ്രികൾ എന്നിവ തയ്യാറാക്കുക.
7. ഓരോ ഇടവകയിലും ഉപവി നീതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഒരു ഇടവകതല പ്രവർത്തനസംഘം രൂപീകരിക്കുക.
8. ഓരോ ഇടവകയും തങ്ങളുടെ പരിധിയിലെ ദരിദ്രർ, രോഗികൾ, വയോജനങ്ങൾ, വിധവകൾ, വിഭാര്യർ, ഭവനരഹിതർ, ഒറ്റപ്പെട്ടവർ,

www.malankaralibrary.com

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾ എന്നിവരെ കണ്ടെത്തി അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സഹായപദ്ധതികൾ ആവിഷ്കരിക്കുക.

9. ഉപവി പ്രവർത്തനങ്ങൾ താൽക്കാലിക സഹായത്തിൽ മാത്രം ഒതുങ്ങാതെ, പങ്കുവയ്ക്കൽ, സ്വയംപര്യാപ്തത, മാന്യത, സാമൂഹികനീതി എന്നിവ വളർത്തുന്ന സ്ഥിരമായ പ്രവർത്തനങ്ങളായി വികസിപ്പിക്കുക.

ആരാധനാക്രമ വർഷത്തിലൂടെ വിശുദ്ധ ആരാധനയിലും കൂദാശാജീവിതത്തിലും ദൈവാനുഭവത്തിലും കൂടുതൽ ആഴപ്പെട്ട സഭാജീവിതത്തിന്റെ തുടർച്ചയായാണ് ഉപവിയുടെയും നീതിയുടെയും വർഷം ആചരിക്കുന്നത്. ആരാധനയിൽ അനുഭവിച്ച ദൈവസ്നേഹം ഉപവിയിലൂടെയും നീതിയിലൂടെയും ജീവിതത്തിൽ പങ്കുവയ്ക്കുക എന്നതാണ് ഈ വർഷത്തിന്റെ പ്രധാന ലക്ഷ്യം. "നീ പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:37) എന്ന കർത്താവിന്റെ ആഹ്വാനം സ്വീകരിച്ച്, ആവശ്യത്തിലിരിക്കുന്നവരെ കണ്ടെത്തി അവരോടൊപ്പം നിൽക്കുകയും നമ്മുടെ സമയവും കഴിവുകളും സമ്പത്തും പങ്കുവയ്ക്കുകയും അവരുടെ മാന്യതയും അവകാശങ്ങളും സംരക്ഷിക്കുകയും ചെയ്യണം. ഉപവി വെറും സാമ്പത്തിക സഹായമോ ദാനധർമ്മമോ മാത്രമല്ല; മറ്റുള്ളവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ്, അവരുടെ വേദനയിൽ പങ്കുചേർന്ന്, കരുതലോടും സ്നേഹത്തോടും കൂടി അവരോടൊപ്പം നിൽക്കുന്നതാണ് യഥാർത്ഥ ഉപവി. അതോടൊപ്പം, ഓരോ മനുഷ്യന്റെയും മാന്യതയും അവകാശങ്ങളും സംരക്ഷിക്കപ്പെടുന്ന ഒരു സമൂഹത്തിനായി പ്രവർത്തിക്കുന്നതിലാണ് നീതിയുടെ സാക്ഷ്യം പ്രകടമാകുന്നത്. കുടുംബങ്ങളിൽ പങ്കുവയ്ക്കലിന്റെയും ത്യാഗത്തിന്റെയും കരുണയുടെയും സംസ്കാരം വളർത്തുകയും, ഇടവകകൾ ആവശ്യത്തിലിരിക്കുന്നവരെ കണ്ടെത്തി സഹായിക്കുകയും, സമൂഹത്തിൽ അവഗണിക്കപ്പെടുന്നവരുടെയും പാർശ്വവത്കരിക്കപ്പെടുന്നവരുടെയും കൂടെ സഭ സജീവമായി നിലകൊള്ളുകയും വേണം. ആരാധനാക്രമ വർഷത്തിൽ ബലിപീഠത്തിൽ അനുഭവിച്ച ക്രിസ്തുവിന്റെ സ്നേഹം, ഉപവിയുടെയും നീതിയുടെയും വർഷത്തിൽ സഹോദരങ്ങളോടുള്ള

www.malankaralibrary.com

സ്നേഹമായും കരുതലായും സേവനമായും മാറണം. അങ്ങനെ ആരാധനയും ജീവിതവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കി, വിശ്വാസം വാക്കുകളിൽ മാത്രമല്ല പ്രവൃത്തികളിലും സാക്ഷ്യപ്പെടുത്തുന്ന ഒരു സഭയായി വളരാൻ ഈ വർഷം നമ്മെ സഹായിക്കട്ടെ. ഉപവിയിലൂടെ കരുണയും, നീതിയിലൂടെ ഉത്തരവാദിത്വവും, സേവനത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹവും സമൂഹത്തിൽ പ്രകടമാക്കി, പുനരൈക്യ ശതാബ്ദിയിലേക്കുള്ള സഭയുടെ ആത്മീയയാത്രയെ കൂടുതൽ അർത്ഥവത്താക്കാം

.

www.malankaralibrary.com

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ

പുനരൈക്യ ശതാബ്ദി ആഘോഷം

2030



ഉപവി-നീതി വർഷം

2026 സെപ്റ്റംബർ 20 - 2027 സെപ്റ്റംബർ 19

"യേശു പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക"
(വി. ലൂക്കാ 10:37)

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM
TRIVANDRUM 695004, KERALA, INDIA